# ശ്രീനാരായണ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക INC

ന്യൂയോർക്ക്, യു.എസ്.എ.



മതമേതായാലും മനുഷ്യൻ നന്നായാൽ മതി

## ഗുരുസ്തുതി

ഓം

സഹസ്രദളപങ്കജേ സകലശീതരശ്മി പ്രഭം
വരാഭയകരാംബുജം വിമലഗന്ധപുഷ്പാംബരം
പ്രസന്നവദനേക്ഷണം സകലദേവതാരൂപിണം
സ്മരേച്ഛിരസി ഹംസഗം തദഭിധാനപൂർവ്വം ഗുരും.



# SREE NARAYANA ASSOCIATION OF NORTH AMERICA INC.

417 Hempstead Ave, W. Hempstead
NY.11552

www.snaofna.org

# GURU STHUTHI
## PRAYER BOOK

Sree Ganapathi

Saraswathi Devi

Guru

Sivan

Subhrammanyan

Sree Raman

Sree Krishnan

Sree Ayyappan

## ഗുരുധ്യാനം

ഓം ഗുരുർബ്രഹ്മാഃ ഗുരുർവിഷ്ണു
ഗുരുർദ്ദേവോ മഹേശ്വരാ
ഗുരുസാക്ഷാത്പരബ്രഹ്മ
തസ്മൈ ശ്രീ ഗുരുവേ നമഃ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

## ഗുരൂഷ്ടകം

ഓം ബ്രഹ്മണേമൂർത്തിമതേ
ശ്രീതാനാം ശുദ്ധിഹേതവേ
നാരായണ യതീന്ദ്രായാ
തസ്മൈ ശ്രീഗുരുവേ നമഃ

നമോ ഭഗവതേ നിത്യ
ശുദ്ധമുക്തമഹാത്മനേ
നാരായണ യതീന്ദ്രായാ
തസ്മൈ ശ്രീഗുരുവേ നമഃ

മഹനീയ ചരിത്രായ
മമതാരഹിതാത്മനേ
നാരായണ യതീന്ദ്രായാ
തസ്മൈ ശ്രീഗുരുവേ നമഃ

ശിശിരീകുർവ്വതേശാന്തെ
കടാക്ഷൈ ശിഷ്യസഞ്ചയാൻ
ബ്രഹ്മവിദ്യാകോവിദായ
തസ്മൈ ശ്രീഗുരുവേ നമഃ

വാദിനാം വാദിനേവാചം
യമാനാം മൗനഭാജിനേ
സർവ്വലോകാനു രൂപായ
തസ്മൈ ശ്രീഗുരുവേ നമഃ

യസ്യനകല്പതേസിദ്ധ്യൈ
പാദാംബുജരജോലവ
മഹാദയായമഹതേ
തസ്മൈ ശ്രീഗുരവേ നമഃ

## ദൈവദശകം

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻ തോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദിമുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റും
ആഴവുംപോലെ ഞങ്ങളും
മായയും നിൻമഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെ നീക്കി
സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം
നീതന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നു ഞങ്ങളങ്ങേ
ഭഗവാനെ! ജയിക്കുക.

ജയിക്കുക മഹാദേവ
ദീനാവനപരായണ
ജയിക്കുക ചിദാനന്ദ!
ദയാസിന്ധോ ജയിക്കുക.

ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.

## വിനായകാഷ്ടകം

നമദ്ദേവവൃന്ദം ലസദ്വേദകന്ദം
ശിരഃശ്രീമദിന്ദും ശ്രിതശ്രീമകുന്ദം
ബൃഹച്ചാരുശുണ്ഢം സ്തുതശ്രീസനന്ദം
ജടാഹീന്ദ്രകുന്ദം ഭജേƒഭീഷ്ടസന്ദം.

കിലദ്ദേവഗോത്രം കനദ്ധേമഗാത്രം
സദാനന്ദമാത്രം മഹാഭക്തമിത്രം
ശരച്ചന്ദ്രവക്ത്രം ത്രയീപൂതപാത്രം
സമസ്താർത്തിദാത്രം ഭജേ ശക്തിപുത്രം.

ഗളദ്ദാനമാലം ചലദ്ഭോഗിമാലം
ഗളാമ്ഭോദകാലം സദാ ദാനശീലം
സുരാരാതികാലം മഹേശാത്മബാലം
ലസത്പുണ്ഡ്ര ഫാലം ഭജേ ലോകമൂലം

ഉരസ്താരഹാരം ശരച്ചന്ദ്രഹീരം
സുരശ്രീവിചാരം ഹൃതാർത്താരിഭാരം
കടേ ദാനപൂരം ജടാഭോഗിപൂരം
കലാബിന്ദുതാരം ഭജേ ശൈവവീരം

കരാരൂഢമോക്ഷം വിപദ്ഭങ്ഗദക്ഷം
ചലത്സാരസാക്ഷം പരാശക്തിപക്ഷം
ശ്രിതാമർത്ത്യ വൃക്ഷം സുരാരി ദ്രുതക്ഷം
പരാനന്ദപക്ഷം ഭജേ ശ്രീ ശിവാക്ഷം.

സദാശം സുരേശം സദാ പാതുമീശം
നിദാനോദ്ഭവം ശാങ്കരപ്രേമകോശം
ധൃതശ്രീനിദേശം ലസദ്ദന്തകോശം
ചലച്ഛൂലപാശം ഭജേƒകൃത്തപാശം

തതാനേകസന്തം സദാ ദാനവന്തം
ബുധശ്രീകരന്തം ഗജാസ്യം വിഭാന്തം
കരാത്മീയദന്തം ത്രിലോകൈക വൃന്തം
സുമന്ദം പരന്തം ഭജേ ഹം ƒഭവന്തം

ശിവപ്രേമപിണ്ഡം പരം സ്വർണ്ണവർണ്ണം
ലസദ്ദന്തഖണ്ഡം സദാനന്ദപൂർണ്ണം
വിവർണ്ണപ്രഭാസ്യം ധൃതസ്വർണ്ണഭാണ്ഡം
ചലച്ചാരു ശുണ്ഡം ഭജേ ദന്തിതുണ്ഡം.

പല്ലവി : ഭജേƒഭിഷ്ടസന്ദം ഭജേƒഭിഷ്ടസന്ദം
ഭജേƒഭിഷ്ടസന്ദം ഭജേƒഭിഷ്ടസന്ദം
ഭജേƒഭിഷ്ടസന്ദം ഭജേƒഭിഷ്ടസന്ദം
ജടാഹീന്ദ്രകുന്ദം ഭജേƒഭിഷ്ടസന്ദം

## ഗണപതി കീർത്തനം

(1)

ശ്രീഗണാധിപ നാഥാ ജയാ ജയാ
ആശ്രയം മമ നീയേ ഗജാനന
പാർത്തുനിൻ പദതാരിൽ തൊഴുന്നിതാ
ഗണനാഥാ... (ശ്രീഗണാ)

എത്രനാളിഹ ത്വൽ പാദസന്നിധൗ
എത്തുവാൻ ഞാനും നിത്യം ഭജിയ്ക്കുന്നേൻ
അത്തലാകവേ ഭക്ത പരായണ
തീർക്കണവേണം... (ശ്രീഗണാ)

വെള്ളിമാമല തന്നിൽ വിളങ്ങിടും
ശങ്കരാത്മജ നീയേ ഗജാനന
എള്ളോളം കൃപയേകീടണേ ഭഗവാൻ
ഗണനാഥാ... (ശ്രീഗണാ)

ശംഭുനന്ദനാ നിൻപാദപങ്കജം
നിത്യവും ഞങ്ങൾ ഭക്ത്യാ ഭജിക്കുന്നു
തുമ്പമെല്ലാമകറ്റി കാത്തിടണേ
ഗണനാഥാ... (ശ്രീഗണാ)

## ഗണപതി കീർത്തനം

(2)

ഗജാനന ഗജവദനാ
ഏകദന്താ ഗജാനനാ (ഗജാനനാ..)
മൂഷികവാഹനാ ഗജാനനാ
മോദക ഹസ്താ ഗജാനനാ (ഗജാനനാ..)

ചാമരകർണ്ണാ ഗജാനനാ
വിളംബിത സൂത്രാ ഗജാനനാ (ഗജാനനാ..)
വാമന രൂപാ ഗജാനനാ
ഈശ്വരപുത്രാ ഗജാനനാ (ഗജാനനാ..)

വിഘ്ന വിനായക ഗജാനനാ തവ-
പാദ നമസ്തേ ഗജാനനാ (ഗജാനനാ..)
പാഹി പാഹി ഗജാനനാ
പാർവ്വതി നന്ദന ഗജാനനാ (ഗജാനനാ..)

വിഘ്ന വിനായക ഗജാനനാ തവ-
പാദ നമസ്തേ ഗജാനനാ (ഗജാനനാ..)
ഗിരിജാ നന്ദന നിരഞ്ജനാ
പാർവ്വതി നന്ദന ശുഭാനനാ (ഗജാനനാ..)

വിഘ്ന വിനായക ഗജാനനാ തവ-
പാദനമസ്തേ ഗജാനനാ (ഗജാനനാ..)

## ഗണപതി കീർത്തനം

(3)

വിനായകം വിഘ്നേശ്വരം വരവാരണ വദനം ഗണേശം
സുരവന്ദിത നാദം കപിശം വരദായക ദേവം ഭജേഹം

ഗൌരിനന്ദന ഗജവദന ഗൌരിനന്ദന ഗജവദന
ഗണേശ വരദ മാംപാഹി
ഗണേശ വരദ മാംപാഹി

ഗജമുഖ ഗജമുഖ ഗണനാഥ
ഗജമുഖ ഗജമുഖ ഗണനാഥ
ഗണേശ വരദ മാംപാഹി
ഗജമുഖ ഗജമുഖ ഗണനാഥ
ഗണേശ വരദ മാംപാഹി

ഗജാനന ഗജാനന ഗജാനന ഗജാനന
ഗജാനന ഓം ഗജവദന
ഗജാനന ഗജാനന
ഗൌരിനന്ദന ഗജവദന
ഗണേശ വരദ മാംപാഹി

ഗജാനന ഗജാനന ഗജാനന ഗജാനന
ഗജാനന ഓം ഗജവദന
ഗൌരിനന്ദന ഗജവദന

ഏകദന്ത ഗജാനന
ഹേരംബ ഗജാനന
ഏകദന്ത ഗജാനന
ഹേരംബ ഗജാനന

ഗജാനന ഗജാനന ഗജാനന ഗജാനന
ഗജാനന ഓം ഗജവദന

ഗൌരിനന്ദന ഗജവദന
ഗണേശ വരദ മാംപാഹി
ഗജമുഖ ഗജമുഖ ഗണനാഥ
ഗണേശ വരദ മാംപാഹി

ഗജാനന ഗജാനന ഗജാനന ഗജാനന
ഗജാനന ഓം ഗജവദന
ഗൌരിനന്ദന ഗജവദന

## ജനനീ നവരത്നമഞ്ജരി

ഒന്നായ മാമതിയിൽ നിന്നായിരം ത്രിപുടി
വന്നാശു തൻമതിമറ-
ന്നന്നാദിയിൽ പ്രിയമുയർന്നാടലാം കടലി-
ലൊന്നായി വീണുവലയും-
എന്നാശയം ഗതിപെറും നാദഭൂമിയില-
മർന്നാവിരാദ പടരും-
ചിന്നാദിയിൽ ത്രിപുടിയെന്നാണറുംപടി
കലർന്നാറിടുന്നു ജനനീ

ഇല്ലാതമായയിടുമുല്ലാസമൊന്നുമറി-
വല്ലാതെയില്ലനിലനും
കല്ലാഴിയും കനലുമല്ലാതെ ശൂന്യമതു
മെല്ലാമൊരാദിയറിവാം
തല്ലാഘവം പറകിലില്ലാരമം ക്രിയകൾ
മല്ലാടുകില്ല മതിയീ
സല്ലാഭമൊന്നു മതിയെല്ലാവരും തിരയു-
മുല്ലാഘബോധജനനീ !

ഉണ്ടായി മാറുമറിവുണ്ടായി മുന്നമിതു
കണ്ടാടുമങ്ഗമകവും-
കൊണ്ടായിരം തരമിര ഉണ്ടാശയം പ്രതിചു-
രുണ്ടാ മഹസ്സിൽ മറയും
കണ്ടാലുമീനിലയിലുണ്ടാകയില്ലറിവ-
ഖണ്ഡാനുഭൂതിയിലെഴും-
തണ്ടാരിൽ വീണു മധുവുണ്ടാരമിക്കുമൊരു
വണ്ടാണു സുരി സുകൃതി

ആരായുകിൽ തിരകൾ നീരായിടുന്നു, ഫണി
നാരായിടുന്നു കുടവും
പാരായിടുന്നതിനു നേരായിടുന്നുലക-
മോരായ്കിലുണ്ടഖിലവും
വേരായ നിൻകഴലിലാരാധനം തരണ-
മാരാലിതിന്നൊരു വരം
നേരായി വന്നിടുക വേറാരുമില്ല ഗതി
ഹേ! രാജയോഗജനനീ!

മേലായ മൂലമതിയാലാവൃതം ജനനീ!
നീ ലാസ്യമാടിവിടുമീ
കീലാലവായ്‌വനലകോലാഹലം ഭുവന-
മാലാപമാത്രമഖിലം;
കാലാദിയായ മൃദുനൂലാലെ നെയ്യുമൊരു
ലീലാപടം ഭവതിമെയ്-
മേലാകെ മൂടുമതിനാലാരുമുള്ളതറി
വീലാഗമാന്തനിലയേ!

മീനായതും ഭവതി മാനായതും ജനന
നീ നാഗവും നഗഖഗം-
താനായതും ധര നദീ നാരിയും നരനും-
മാനാകവും നരകവും
നീ നാമരൂപമതിൽ നാനാവിധ പ്രകൃതി-
മാനായി നിന്നറിയുമീ
ഞാനായതും ഭവതി ഹേ നാദരൂപിണിയ-
ഹോ! നാടകം നിഖിലവും.

എൻപാപമെയ്‌വതിനൊരമ്പായിടുന്നറിവു
നിൻപാദതാരിലെഴുമെ-
ന്നൻപാണു മൗർവിയൊരിരുമ്പാം മനം ധനുര-
ഹംഭാവിയാണു വിജയീ
അമ്ബാ തരുന്നു വിജയം പാപപങ്കിലമ-
ഹംഭാനമാകുമതിനാൽ
വൻഭാരമാർന്ന തനുവും ഭാനമാമുലക-
വും ഭാനമാകുമഖിലം.

സത്തായി നിന്നുപരി ചിത്തായി രണ്ടു
മൊരു മുത്തായി മൂന്നുമറിയും
ഹൃത്തായി നിന്നതിനു വിത്തായി വിണ്ണൊടു
രുത്തായി ദൃഷ്ടിമുതലായ്
കൊത്തായിടും വിഷയവിസ്താര മന്നമതി
നത്താവുമായി വിലസും
സിദ്ധാനഭൂതിയിലുമെന്നാതെയാമതിമ-
ഹത്തായിടും ജനനി നീ.

ഭൂവാദിഭൂതമതിനാവാസമില്ല വെറു-
മാഭാസമാമിതറിവി-
ന്നാഭാവിശേഷമിതിനാവാസമിങ്ങുലകി-
ലാപാദിദം ഭവതിയാൽ
നാവാദി തൻവിഷയിതാവാസമറ്റ ഭവ-
ദാവാസമാകെ വിലസും
ദ്യോവാണതിന്റെ മഹിമാവാരറിഞ്ഞു ജന-
നീ വാഴ്ത്തുവാനുമരുതേ.

## ശ്രീ ഗുരു

ശ്രീ ഗുരുവരപദം സീമയകന്നു മോദാൽ
സേവ ചെയ്യുന്നു ഞാനിന്നഖിലേശാ
സാദരമതിനു നിൻ ദാസനാമെനിക്കിനി
യേകണമനുഗ്രഹം അനുദിനവും...
(ശ്രീഗുരു)

ഹരിയെന്നൊരക്ഷരമെൻ വിരലിൽ പിടിച്ചു മോദാൽ
അരിതന്നിലെഴുതിച്ച ഗുരുവീരാ...(2)

അടിയനിന്നടി മലർ തൊഴുതിടുന്നവിടത്തെ
മഹിമകൾ പാടി നിന്നെ സ്തുതിച്ചിടുന്നേൻ (2)
(ശ്രീഗുരു)

വിദ്യകളോരോന്നായിട്ടഭ്യസിച്ചിങ്ങനെ ഞാൻ
വിദ്വാനായ് മാറിയതും നിൻ കൃപയാൽ.. (2)

ഇരുളിലും പകലിലും സുഖത്തിലും ദുഃഖത്തിലും
ഗുരുവിൻ തൃപ്പാദം തൊട്ടുവണങ്ങിടുന്നേൻ..(2)
(ശ്രീഗുരു)

## പ്രാർത്ഥന

ഈശ്വരാ ശ്രീനാരായണ
അങ്ങേക്കാണുന്ന ഞാനെന്നും ഈശ്വരനാ
അങ്ങേക്കാരുണ്യം ഞങ്ങളിലേകണേ
അങ്ങുകാത്തുകൊള്ളേണമേ ദൈവമേ
(ഈശ്വരാ)

നേർവഴികാട്ടിയോരീശ്വരാ
ഞങ്ങൾക്കാശ്രയമെപ്പോഴുമീശ്വരാ
ആശാപാശത്തെ അകറ്റിയോ-
രാശ്രയം നൽകണേ ഈശ്വരാ
(ഈശ്വരാ)

ചെമ്പഴന്തി ഭൂവിജാതനേ
അരുവിപ്പുറം ഗുരുദേവനേ
ശിവഗിരിവാസാ ശ്രീദേവനേ
എന്റെ നാരായണ ഗുരുദൈവമേ
(ഈശ്വരാ)

ഭാരതഭൂവിൽ ജനിയ്ക്കയാൽ
പാരിൽ സുകൃതിയായ് തീർന്നു ഞാൻ
അറിയാതെ പാപങ്ങൾ ചെയ്തു ഞാൻ
എൻ പാപം തീർക്കണേ ദൈവമേ
(ഈശ്വരാ)

നാരായണ ഗുരു ദൈവമേ
ഞങ്ങൾക്കാശ്രയം വേറില്ല ദൈവമേ
ആശ്രിത വത്സലാ ദൈവമേ
ഞങ്ങൾക്കാശ്രയം നൽകണേ ദൈവമേ
(ഈശ്വരാ)

## കുണ്ഡലിനിപ്പാട്ട്

ആടുപാമ്പേ പുനംതേടുപാമ്പേയരു-
ളാനന്ദകൂത്തു കണ്ടാടുപാമ്പേ
തിങ്കളും കൊന്നയും ചൂടുമീശൻ പദ
പങ്കജം ചേർന്നു നിന്നാടുപാമ്പേ

വെണ്ണീറണിറിഞ്ഞു വിളങ്ങും തിരുമേനി
കണ്ണീരൊഴുകക്കണ്ടാടു പാമ്പേ
ആയിരം കോടി അനന്തൻ നീ ആനന
മായിരവും തുറന്നാടുപാമ്പേ

ഓ മെന്നു തൊട്ടൊരുകോടിമന്ത്രപ്പൊരുൾ
നാമെന്നറിഞ്ഞുകൊണ്ടാടു പാമ്പേ
പുള്ളിപ്പുലിത്തോൽ പുതയ്ക്കും പൂമേനിയെ-
ന്നുള്ളിൽ കളിക്കുമെന്നാടുപാമ്പേ.

പേയും പിണവും പിറക്കും ചുടുകാടു
മേയും പരംപൊരുളാടു പാമ്പേ
പൂമണക്കും കുഴലാളകം പൂകുമാ
കോമളമേനികണ്ടാടു പാമ്പേ

നാദത്തിലുണ്ടാം നമശ്ശിവായപ്പൊരു-
ളാദിയായുള്ളതെന്നാടു പാമ്പേ
പൂമലരോനും തിരുമാലുമാരും പൊൻ
പൂമേനികണ്ടില്ലെന്നാടു പാമ്പേ

കാമനെച്ചുട്ടകണ്ണുള്ള കാലാരിതൻ
നാമം നുകർന്നു നിന്നാടു പാമ്പേ.
വെള്ളിമലയിൽ വിളങ്ങും വേദപ്പൊരു
ളുള്ളിൽ കളിക്കുമെന്നാടു പാമ്പേ

എല്ലാമിറക്കിയെടുക്കു മേകൻപദ
പല്ലവം പറ്റിനിന്നാടു പാമ്പേ
എല്ലായറിവും വിഴുങ്ങിവെറും വിളി-
യെല്ലയിലേറിനിന്നാടു പാമ്പേ

എല്ലാം വിഴുങ്ങിയെതിരറ്റെഴുന്നൊരു
ചൊല്ലെങ്ങുമുണ്ടുനിന്നാടു പാമ്പേ
ചൊല്ലെല്ലാമുണ്ടു ചുടരായെഴുംപൊരു-
ളെല്ലയിലേറിനിന്നാടു പാമ്പേ

ദേഹം നിജമല്ലദേഹിയൊരുവനീ
ദേഹത്തിലുണ്ടറിഞ്ഞാടുപാമ്പേ
നാടും നഗരവുമൊന്നായിനാവിൽ നി-
ന്നാടുനിൻ നാമമോതിടു പാമ്പേ

ദേഹവും ദേഹിയുമൊന്നായ് വിഴുങ്ങിടു
മേകനുമുണ്ടെറിഞ്ഞീടു പാമ്പേ
പേരിങ്കൽ നിന്നുപെരുവെളിയെന്നല്ല
പാരോദിതോന്നിയെന്നാടുപാമ്പേ

ചേർന്നു നിൽക്കും പൊരുളെല്ലാം ചെന്താരൊടു
നേർന്നു പൊമ്മാറുനിന്നാടു പാമ്പേ.

## ഗുരുദേവ കീർത്തനം

ആചാര്യ, നമസ്തേ, പരമാചാര്യ നമസ്തേ,
ആചാര്യ, നമസ്തേ ഗുരുനാരായണ മൂർത്തേ!
ആചാര്യ, നമസ്തേ ജഗദാചാര്യ നമസ്തേ!
ആചാര്യ, നമസ്തേ സകലാചാര്യ നമസ്തേ!
(ആചാര്യ)

ആരും തുണയില്ലാതിരുൾ മൂടും, ഭുവനത്തിൽ
നേരാംവഴി കാണാതെ വലഞ്ഞൊരു ജനത്തെ,
ആപത്തുകൾ നീക്കിപ്പരിരക്ഷിച്ച മഹാത്മൻ,
നാരായണ മൂർത്തേ, പരമാചാര്യ നമസ്തേ
(ആചാര്യ)

തൻ കാര്യമശേഷം കരുതീടാതെ ജനങ്ങൾ
സന്തോഷമൊടൊന്നിച്ചു വസിക്കുന്നതു കാണാൻ
സ്വന്തം സുഖഭോഗങ്ങളുപേക്ഷിച്ച മഹാത്മൻ
നിൻ പാവനപാദം തുണ, നാരായണ മൂർത്തേ
(ആചാര്യ)

ജാതിപ്പകയാർന്നും മതവൈരങ്ങൾ വളർന്നും,
മാലോകരശേഷം കലഹിക്കുന്നൊരു നാളിൽ
സ്നേഹാമൃതമൂട്ടിസ്സകലർക്കും ഹൃദയത്തിൽ
ബോധോദയമുണ്ടാക്കിയൊരാചാര്യ, നമസ്തേ
(ആചാര്യ)

വേദാഗമ സാരങ്ങളറിഞ്ഞു, ഭുവനത്തിൽ
വേരായിടുമദ്വൈത മഹത്വം വിവരിച്ചും,
ഭേദങ്ങളകന്നോരു ജഗത്തിൻപിറവിക്കായ്
ജീവൻ ബലിയർപ്പിച്ചൊരു യോഗീശ, നമസ്തേ
(ആചാര്യ)

അന്യർക്കുഗുണം ചെയ്വതിനായുസ്സു വഹിച്ചും
അന്യായമോടെതിരിട്ടവരെമ്മാരെ നയിച്ചും.
സന്യാസ ബലത്താൽ ശുഭകർമ്മങ്ങൾ തെളിച്ചും
ഞങ്ങൾക്കഭയം നൽകിയൊരാചാര്യ, നമസ്തേ
(ആചാര്യ)

അദ്വൈത മഹാ സിന്ധുവിലാഴത്തിലിറങ്ങി
തത്ത്വാമല രത്നങ്ങളശേഷം വശമാക്കി
വർദ്ധിച്ചൊരു മോഹങ്ങളകറ്റീട്ടു ജഗത്തിൽ
സദ്ധർമ്മ ദതിക്കേകിയൊരാചാര്യ, നമസ്തേ
(ആചാര്യ)

സ്വന്തം സുഖമേതും പരനന്മയ്ക്കുതകീടാൻ
സന്തോഷമൊടെല്ലാവരുമൊന്നിച്ചു വസിച്ചാൽ,
സന്താപമശേഷം കലരാതുള്ളൊരു ലോകം
ഉണ്ടാമിവിടെന്നോതിയൊരാചാര്യ, നമസ്തേ
(ആചാര്യ)

എല്ലാ മത സാരങ്ങളുമൊന്നെന്നറിയിച്ചും,
എല്ലാ ജന ഭേദങ്ങളുമൊന്നെന്നു വിധിച്ചും,
എല്ലാമൊരു സത്യപ്പൊരുളെന്നായ് തെളിയിച്ചും
ഞങ്ങൾക്കറിവുണ്ടാക്കിയൊരാചാര്യ, നമസ്തേ
(ആചാര്യ)

അജ്ഞാന തമസ്സാൽ ഭയമേറും ഹൃദയത്തിൽ
വിജ്ഞാന രഹസ്യങ്ങൾ പകർന്നും, കനിവോടെ,
മുക്തിക്കുതകും മോഹന മാർഗ്ഗങ്ങൾ തുറന്നും
രക്ഷിച്ചൊരു ദേവാ, പരമാചാര്യ നമസ്തേ
(ആചാര്യ)

ഉൾക്കണ്ണു തുറന്നാദി മഹസ്സിൻ പൊരുൾ കണ്ടും
തൃക്കണ്ണുകളാൽ ജീവിത സത്യങ്ങൾ തിരഞ്ഞും,
ദുഃഖങ്ങളകറ്റാൻ വഴിയാരാഞ്ഞു മഹത്താം
കൃത്യങ്ങളനുഷ്ഠിച്ചൊരു യോഗീശ, നമസ്തേ
(ആചാര്യ)

ത്യാഗങ്ങളിലൂടാത്മ സുഖത്തിൽ വഴികണ്ടും
മാലോകരിലുൽകൃഷ്ട വിചാരങ്ങൾ പകർന്നും
സ്വാതന്ത്ര്യ മഹാമന്ത്ര ബലത്താൽ വിജയിക്കും
നാരായണ മൂർത്തേ! പരമാചാര്യ നമസ്തേ
(ആചാര്യ)

## സ്വാമി കീർത്തനം

കാണുമാറാകണം കാണുമാറാകണം
നാരായണാ നിൻമെയ് കാണുമാറാകണം
ചെമ്പഴന്തിയിൽ ജനിച്ച ഗുരുവിനെ
ചെമ്പോൽപ്പദംകണ്ടു കൂപ്പുമാറാകണം
(കാണുമാറാകണം)

വൻപാപമെല്ലാമകലുംപടി നമ്മി-
ലമ്പുമദ്ദേവനെക്കാണുമാറാകണം.
(കാണുമാറാകണം)

പഞ്ചമന്നും പ്രഥമന്നുമിരിക്കുവാൻ
നെഞ്ചുള്ള ധന്യനെക്കാണുമാറാകണം.
(കാണുമാറാകണം)

പഞ്ചമപ്രായത്തിലും വഴിതെറ്റാതെ
സഞ്ചരിച്ചാളിനെക്കാണുമാറാകണം.
(കാണുമാറാകണം)

സംസ്കൃതഭാഷയിൽ പാണ്ഡിത്യശക്തിയെ
കൈകൊണ്ട സൂരിയെകൂപ്പുമാറാകണം
(കാണുമാറാകണം)

ആർക്കുമുപദ്രവമെങ്ങുമേ ചെയ്യാത്തൊ-
രക്കർമ്മയോഗിയെക്കാണുമാറാകണം.
(കാണുമാറാകണം)

പാമരന്നും പണ്ഡിതന്നുമിണങ്ങുന്ന
സ്വാമിപാദങ്ങളെക്കാണുമാറാകണം
(കാണുമാറാകണം)

കോൾമയിർക്കൊള്ളുമാറുള്ള തിരുമൊഴി
തൂമയിൽ ഞങ്ങൾക്കു കേൾക്കുമാറാകണം
(കാണുമാറാകണം)

നവ്യബുദ്ധൻ ഭഗവാൻ പ്രശാന്തമാം
ദിവ്യമുഖാംബുജം കാണുമാറാകണം
(കാണുമാറാകണം)

മുണ്ഡമാം മൗലിയും വിസ്തൃതഫാലവും
ഉന്നത ഗാത്രവും കാണുമാറാകണം
(കാണുമാറാകണം)

വില്ലുപോലെ വളഞ്ഞാനന്ദമേകുന്ന
ചില്ലീയുഗളവും, കാണുമാറാകണം
(കാണുമാറാകണം)

ബ്രഹ്മചര്യാവ്രതം ജന്മനാ സിദ്ധിച്ച
നിർമ്മലാത്മാവിനെ കാണുമാറാകണം
(കാണുമാറാകണം)

യൗവ്വനകാലത്തവധൂതനായൊരു
ദിവ്യസന്യാസിയെക്കാണുമാറാകണം
(കാണുമാറാകണം)

അത്ഭുതകൃത്യങ്ങളന്നു കാണിച്ചൊരു
ശുഭ്രചരിതനെക്കാണുമാറാകണം
(കാണുമാറാകണം)

ഊമനെ വാചാലനാക്കിയ പാവന-
ശ്രീമഹായോഗിയെക്കാണുമാറാകണം
(കാണുമാറാകണം)

ചട്ടമ്പിസ്വാമിയൊത്തേറെ നാളങ്ങനെ
ധൃഷ്ടസഞ്ചാരിയെക്കാണുമാറാകണം
(കാണുമാറാകണം)

ആലുവായാറ്റിൻകരയ്ക്കു പുണ്യാശ്രമ-
ശാലിയേക്കണ്ണിനാൽ കാണുമാറാകണം
(കാണുമാറാകണം)

വർക്കലശ്ശാരദാദേവിയെ സ്ഥാപിച്ച
തൃക്കൈകൾകണ്ടു ഭജിക്കുമാറാകണം
(കാണുമാറാകണം)

ചെമ്മുക്കിമാവിനെ അമ്മയെന്നോതുന്ന
നൻമുഖം കണ്ടു കുളിർക്കുമാറാകണം
(കാണുമാറാകണം)

നാരായണഗുരുസ്വാമിതൻ ചേവടി
വാരംവാരം കണ്ടു കൂപ്പുമാറാകണം
(കാണുമാറാകണം)

ഞങ്ങൾ മറന്നാലും ഞങ്ങളെയോർക്കുന്ന
മംഗളാത്മാവിനെ കൂപ്പുമാറാകണം.
(കാണുമാറാകണം)

## ജയനാരായണ

ജയ ജയ ദേവാ ഗുരുദേവാ
ജയ ജയ ദേവാ ഗുരുദേവാ
ജയ ജയ ഭഗവൻ, നീനിത്യം
ജഗദുദയത്തിനു കാരണനായ്
(ജയ ജയ ദേവാ)

യതികുലവന്ദ്യാ സൽഗുരുവേ
നത ജനബാന്ധവമൽഗുരുവേ
മതിഭയമകലാനരുളുക നീ
മതിസമസുപ്രഭ മമഗുരുവേ
(ജയ ജയ ദേവാ)

നാനാമതവും ജാതികളും
നാനാവർണ്ണ വിവേചനവും
മാനവമതിയിൽ നിന്നഖിലം
മാറ്റിയ ഗുരുവേ ജയസതതം
(ജയ ജയ ദേവാ)

രാവും പകലും തവഗീതം
പാടുന്നേഴകൾ മനുജന്മാർ
രാകാചന്ദ്രസമാനനേ
രാജിച്ചീടുക നീനിത്യം
(ജയ ജയ ദേവാ)

യമനിയമാദികൾ ധ്യാനങ്ങൾ
സമതാദികൾ ഗുരുധർമ്മങ്ങൾ
സുലളിതമായിപ്പാടിയനിൻ-
സ്മരണയതൊന്നേകൈവല്യം
(ജയ ജയ ദേവാ)

ണത്താർതുല്യം തവരൂപം
ഹൃത്താം സരസിൽകളിയാടാൻ
മെത്തും കൃപയിവനരുളീടാൻ
ഭക്ത്യാപാണികൾ കൂപ്പുന്നേൻ
(ജയ ജയ ദേവാ)

## മൂകാംബിക സ്തുതി

മൂകാംബികേ ദേവി മൂകാംബികേ ദേവി
മൂകാംബികേ ദേവി മൂകാംബികേ
മൂകാംബികേ ദേവി മൂകാംബികേ ദേവി
മൂകാംബികേ ദേവി മൂകാംബികേ

രുദ്രനിവാസിനി ദേവി മൂകാംബികേ
വിദ്യാസ്വരൂപിണി മൂകാംബികേ
ആത്മപ്രദേശിനി ദേവി മൂകാംബികേ
ആത്മാനന്ദപ്രദേ മൂകാംബികേ

ഇന്ദീവരേക്ഷണേ ഇന്ദുബിംബാനനേ
ഇന്ദുചൂഡപ്രിയേ മൂകാംബികേ
ഈരേഴുലകിനും കാരണഭൂതയായ്
മേവിടുമംബികേ മൂകാംബികേ

ഉള്ളം തെളിവതിന്നുള്ളിൽ വാണീടണം
ഉള്ള നാളൊക്കെയും മൂകാംബികേ
ഊനം വരുത്തേണം രോഗങ്ങൾക്കൊക്കെയും
ദീനദയാനിധേ മൂകാംബികേ

എന്നെ കനിവോടെ കാത്തരുളേണമെ-
ന്നമ്മേ ദയാനിധേ മൂകാംബികേ
ഏണാങ്കബിംബാനനേ മനോമോഹനേ
മാഹേശ്വരപ്രിയേ മൂകാംബികേ

ഐഹികസൌഖ്യവും മോക്ഷവും നൽകുന്ന
മോഹവിനാശിനി മൂകാംബികേ
ഒക്കെയുപേക്ഷിച്ചു നിൻപാദ പങ്കജം
ചൊൽക്കൊണ്ടു കാണാവൂ മൂകാംബികേ

ഓതുന്ന വേദപ്പൊരുളായി മേവുന്ന
പാപവിനാശിനി മൂകാംബികേ
ഔഡുപമാലയണിഞ്ഞു വിളങ്ങുന്ന
ദിവ്യജനാർച്ചിതേ മൂകാംബികേ

അന്തരമെന്നിയേ ചിന്തിപ്പവർക്കുള്ള
സന്താപനാശിനി മൂകാംബികേ
മൂകാംബികേ ദേവി മൂകാംബികേ ദേവി
മൂകാംബികേ ദേവി മൂകാംബികേ

## ഗൗരീശകീർത്തനം

ഹര ഹര ശംഭോ ഗൗരീശ
ശിവ ശിവ ശംഭോ ഗൗരീശ
ഹര ഹര ശംഭോ ശിവ ശിവ ശംഭോ
ജയ ജയ ശംഭോ ഗൗരീശ

തുംഗജടാധര ഗൗരീശ
പുംഗവവാഹന ഗൗരീശ
തുംഗജടാധര പുംഗവവാഹനം
ഗംഗാധര ഹര ഗൗരീശ (ഹര ഹര)

ദക്ഷമദാപഹ ഗൗരീശ
ശിക്ഷിത മന്മഥ ഗൗരീശ
ദക്ഷമദാപഹ ശിക്ഷിതമന്മഥ
ഭിക്ഷാടനപര ഗൗരീശ (ഹര ഹര)

ബ്രഹ്മശിരോഹര ഗൗരീശ
കല്മഷനാശന ഗൗരീശ
ബ്രഹ്മശിരോഹര കല്മഷനാശന
ഷണ്മുഖജനക ഗൗരീശ (ഹര ഹര)

ഇന്ദ്രനിഷേവിത ഗൗരീശ
ചന്ദ്രകലാധര ഗൗരീശ
ഇന്ദ്രനിഷേവിത ചന്ദ്രകലാധര
ചന്ദ്രമദാപഹ ഗൗരീശ (ഹര ഹര)

ഫാലവിലോചന ഗൗരീശ
കാലവിനാശന ഗൗരീശ
ഫാലവിലോചന കാലവിനാശന
നീലഗളാമല ഗൗരീശ.. (ഹര ഹര)

അദ്ഭുതവൈഭവ ഗൗരീശ
ചിത്പുരുഷേശ്വര ഗൗരീശ
അദ്ഭുതവൈഭവ ചിത്പുരുഷേശ്വര
കല്പിതഭവന ഗൗരീശ... (ഹര ഹര)

അച്ചുത സഹചര ഗൗരീശ
വിച്ചുതികലിമല ഗൗരീശ
അച്ചുത സഹചര വിച്ചുതികലിമല
നിർമ്മല ഹൃദയ ഗൗരീശ... (ഹര ഹര)

നിശ്ചല നിഷ്കള ഗൗരീശ
നിത്യ നിരാമയ ഗൗരീശ
നിശ്ചല നിഷ്കള നിത്യ നിരാമയ
നിശ്ചല നിരുപമ ഗൗരീശ.. (ഹര ഹര)

പന്നഗഭൂഷണ ഗൗരീശ
സന്നഗഭ്രൂഷണ ഗൗരീശ
പന്നഗഭ്രൂഷണ സന്നഗഭ്രൂഷണ
കിന്നരസേവിത ഗൗരീശ.. (ഹര ഹര)

നൃത്തോത്സവരത ഗൗരീശ
കൃത്തപുരത്രയ ഗൗരീശ
നൃത്തോത്സവരത കൃത്തപുരത്രയ
മൃത്യുഞ്ജയഹര ഗൗരീശ (ഹര ഹര)

നാരദസേവിത ഗൗരീശ
നാരകമോചന ഗൗരീശ
നാരദസേവിത നാരകമോചന
നീരദസമഗള ഗൗരീശ... (ഹര ഹര)

ഗുരുവരുണാലയ ഗൗരീശ
ഭ്രൂരികൃപാലയ ഗൗരീശ
ഗുരുവരുണാലയ ഭ്രൂരികൃപാലയ
ഭഗവാൻ പാലയ ഗൗരീശ... (ഹര ഹര)

## ശ്രീരാമായ നമഃ

"പൂർവ്വം രാമതപോവനാതി ഗമനം
ഹത്വാ മൃഗം കാഞ്ചനം
വൈദേഹീ ഹരണം ജടായു മരമം
സുഗ്രീവ സംഭാഷണം
ബാലീനിഗ്രഹണം സമുദ്രതരണം
ലങ്കാപുരീമർദ്ദനം
കൃത്വാ രാവണ - കുംഭകർണ്ണനിധനം
സമ്പൂർണ്ണരാമായണം

രാമ രാഘവ! പാഹിമാം പാഹിമാം
രാമ രാഘവ! പാഹിമാം പാഹിമാം
രാമ രാഘവ! പാഹിമാം പാഹിമാം
രാമ രാഘവ! ദൈവമേ പാഹിമാം

ശ്രീധര തവ പാദാംബുജം മമ
ബാധകൂടാതെ സേവിച്ചുകൊള്ളുവാൻ
ബോധവിഗ്രഹ കാത്തുകൊള്ളേണമേ
രാമ രാഘവ! ദൈവമേ പാഹിമാം
(രാമ രാഘവ) 1

രാഗദ്വേഷങ്ങളെന്നുടെ മാനസേ
ഭോഗിതല്പഗ! പറ്റാതിരിക്കുവാൻ
ഭാഗധേയാബ്ധേ! കാത്തുകൊള്ളേണമേ
രാമ രാഘവ! ദൈവമേ പാഹിമാം
(രാമ രാഘവ) 2

മാനഹാനി വന്നീടിലുമെന്നുടെ
ജ്ഞാനഹാനി വന്നീടാതിരിക്കുവാൻ
ദീനബന്ധോ! തുണയ്ക്കേണമെപ്പോഴും
രാമ രാഘവ! ദൈവമേ പാഹിമാം
(രാമ രാഘവ) 3

യത്നിച്ചേറ്റമിരന്നു നടക്കിലും
മന്ദിച്ചീടൊല്ല മാമക മാനസേ
ഇന്ദിരാകാന്ത! നിൻപദം നൽകണേ
രാമ രാഘവ! ദൈവമേ പാഹിമാം
(രാമ രാഘവ) 4

നല്ലവരെ നമസ്കരിക്കാകണം
നല്ല പുണ്യസ്ഥലം ഗമിക്കാകണം
ഇല്ലാതാകണം ഭ്രാന്തിയും മായയിൽ
രാമ രാഘവ! ദൈവമേ പാഹിമാം
(രാമ രാഘവ) 5

മത്കൃതങ്ങളാം ദോഷങ്ങളൊക്കവേ-
യുൾക്കമലേ സഹിച്ചുകൊണ്ടെന്നുടെ
ദുഷ്കൃതം തീർത്തു രക്ഷിച്ചുകൊള്ളണേ
രാമ രാഘവ! ദൈവമേ പാഹിമാം
(രാമ രാഘവ) 6

## ശിവപ്രസാദപഞ്ചകം

ശിവ, ശങ്കര, ശർവ, ശരണ്യ വിഭോ
ഭവസങ്കടനാശന, പാഹി, ശിവ,
കവി സന്തതി സന്തതവും തൊഴുമെൻ-
ഭവ നാടകമാടുമരുമ്പൊരുളേ!

പൊരുളെന്നുമുടമ്പൊടു മക്കളുയിർ-
ത്തിരളെന്നു മിതൊക്കെയനർത്ഥകരം
കരളീന്നു കളഞ്ഞു കരും കടലിൽ
പുരളാതെ പൊതിഞ്ഞു പിടിപ്പതു നീ.

പിടിപെട്ടു പുരണ്ടുമറിഞ്ഞു പിണ-
ക്കുടിയിൽക്കുടികൊണ്ടു ഗുണങ്ങളൊടും
കൂടികൊണ്ടു കൂടിക്കുമരുംകുടിനീ-
രടിതട്ടിയകത്തു നിറഞ്ഞിരി നീ.

ഗളമുണ്ടുകറുത്തതു നീ ഗരളം
കളമുണ്ടതുകൊണ്ടു കൃപാനിധിയേ,
കളമുണ്ടൊരു കൊണ്ടലൊടൊത്ത കട-
ല്ക്കളവുണ്ടൊരു സീമ നിനക്കു നഹി.

കനിവെന്നിലിരുത്തിയ നങ്ഗരസ-
ക്കനിതട്ടിയെറിഞ്ഞു കരം കഴുകി
തനിമുക്തി പഴുത്തു ചൊരിഞ്ഞൊഴുകും
കനകക്കൊടിയേ, കഴലേകുക നീ.

## ശ്രീരാമ സ്തുതി

ശ്രീ രാമ ചന്ദ്ര കൃപാലു ഭജമന
ഹരണ ഭവഭയ ദാരുണം
നവ കഞ്ചലോചന കഞ്ചമുഹരക
കഞ്ചപദ കഞ്ചാരുണം (2)
(ശ്രീ രാം ശ്രീ രാം)

കന്ദാർപ അഗണിത അമിതചവി
നവ നീല നീരത സുന്ദരം
പടപീത മാനപു തടിത രുചിസുചി
നൌമി ജനകസുതാവരം
(ശ്രീ രാമ... ശ്രീ രാം ശ്രീ രാം)

ഭജദീനബന്ധു ദിനേഷദാനവ ദൈത്യ
വംശനിഖണ്ഡനം
രഘു നന്ദ ആനന്ദ കണ്ഡകൌശല
ചന്ദ്രദശരഥനന്ദനം
(ശ്രീ രാമ... ശ്രീ രാം ശ്രീ രാം)

ശിരമുകുട കുണ്ഡല തിലക ചാരു
ഉധാരു അങ്കവിഭൂഷണം
ആജാനു കുജശര ചാപ ഭര സംഗ്രാമ
ചിതകര ഭൂഷണം
(ശ്രീ രാമ... ശ്രീ രാം ശ്രീ രാം)
ഇതിവദന തുളസീദാസ ശങ്കര
ശേഷമുനി മന രഞ്ജനം
മമഹൃദയ കംഞ്ജ നിവാസ കുരു
കാമാതി കലദലഗഞ്ജനം
(ശ്രീ രാമ... ശ്രീ രാം ശ്രീ രാം)

## ശ്രീകൃഷ്ണ കീർത്തനം

ചിലങ്കകെട്ടി ഓടി ഓടി വായോ
എന്റെ താമരക്കണ്ണാ ആടി ആടി വായോ
നിന്റെ പിഞ്ചുപാദം തേടി തേടി ഞങ്ങൾ
നിന്റെ ദിവ്യ നാമം പാടി പാടി വന്നേൻ
(ചിലങ്കകെട്ടി)

ദേവകിനന്ദന രാധാ ജീവന
കേശവാ ... ഹരേ മാധവാ
പൂതനമർദ്ദനാ പാപ വിനാശനാ
കേശവാ... ഹരേ മാധവാ
ഗോകുലബാലനേ ഓടിവായോ
ഗോപാലബാലനെ ആടിവായോ
(ചിലങ്കകെട്ടി)

കംസവിമർദ്ദനാ കാളിയനൃത്തന
കേശവാ...ഹരേ മാധവാ
ആശ്രിതവത്സലാ ആപത്ബാന്ധവാ
കേശവാ... ഹരേ മാധവാ
ഓംകാരനാദമേ ഓടിവായോ
ആനന്ദഗീതമേ ആടിവായോ
(ചിലങ്കകെട്ടി)

പാണ്ഡവരക്ഷക പാപ വിനാശനാ
കേശവാ... ഹരേ മാധവാ
അർജുന രക്ഷകാ അജ്ഞാനനാശക
കേശവാ... ഹരേ മാധവാ
ഗീതാമൃതമേ ഓടിവായോ
ഹൃദയാനന്ദമേ ആടിവായോ
(ചിലങ്കകെട്ടി)

## ശ്രീകൃഷ്ണ സ്തുതി

അത്തലിൽ ഗോപികൾ തപ്പിയെടുത്തൊരു
ഉത്തമ മുത്താണു നാരായണം
ഭക്തിയാം സിന്ധുവിൻ മദ്ധ്യേ വിടർന്നൊരു
സച്ചിത്മലരാണ് നാരായണ

നാരായണ ജയ നാരായണ ജയ
നാരായണ ജയ നാരായണ ജയ (2)

ഗോകുലമാകവേ ശാന്തമായി തീർക്കുന്ന
പാവനനാദമേ നാരായണ
പാപികൾക്കേറ്റം പ്രയാസമായ് തോന്നിടും
പാടുവാനീ നാമം നാരായണ
നാരായണ ജയ.... (3) (2)

നാരദ വീണയിൽ എന്നും മുഴങ്ങുന്ന
പ്രേമസ്വരമാണ് നാരായണ
കേൾക്കുന്ന മാത്രയിൽ എല്ലാം മറക്കുന്ന
ആനന്ദ ഗീതമേ നാരായണ
നാരായണ ജയ.... (3) (2)

## സുബ്രഹ്മണ്യ കീർത്തനം

മയിലും വേലും തുണയാകണം
എൻ മനസ്സിൽ മുരുകാനിൻ പദമാടണം..
(മയിലും..)

പുണരുന്ന കാറ്റും നിൻപുകൾ പാടണം
പഴനീ കളഭത്തിൻ മണം തൂകണം...
(മയിലും..)

തിരിച്ചെന്തൂർ കടലിൽ നിൻചിരികേട്ടുഞാൻ
തിരുത്തണിയിൽ തത്വമൊഴികേട്ടു ഞാൻ...
(തിരിച്ചെ..)

തിരുപ്പുറം കുൺഡ്രത്തിൽ, സ്വരമായിനീ
തിരുവഴകർമലയിൽ മയിലായി നീ...
(തിരുപ്പുറ... മയിലും..)

നീ മുന്നിലുള്ളപ്പോൾ ഭയമെന്തിനായ്
നീ നിന്റെ അച്ഛനും ഗുരുവല്ലയോ...
(നീ മുന്നിലു...)

പ്രണവത്തിന്നാധാര പഥമല്ലയോ
കനിവോലും ശിവശക്തി പ്രഭയല്ലയോ...
(പ്രണവത്തി...)
(മയിലും വേലും...)

## സുബ്രഹ്മണ്യൻ

ഹരഹരോഹരാ സ്വാമി ഹരഹരോഹരാ
ഹരഹരോഹരാ സ്വാമി ഹരഹരോഹരാ
ഹരഹരോഹരാ സ്വാമി ഹരഹരോഹരാ
ഹരഹരോഹരാ സ്വാമി ഹരഹരോഹരാ
ഹരഹരോഹരാ സ്വാമി ഹരഹരോഹരാ
ഹരഹരോഹരാ സ്വാമി ഹരഹരോഹരാ

പഴനിവാഴും സ്വാമി സുബ്രഹ്മണ്യ സ്വാമി
പശുപതിസുതനാം സ്വാമി സ്കന്ദസ്വാമി...(2)
ശരവണപൊയ്കയിൽ മനസ്സൊരുകുറിമുങ്ങി
(ശരവണ)

ശക്തിവടിവേലനെ വന്നുഞാൻ വണങ്ങി...(2)
(ഹരഹരോ)

ആറുമുഖനായി മയിലേറിവന്നു
ദണ്ഡപാണിയായ് പഴനിമലയിൽ നിന്നു.. (2)
എന്നുമെൻ പുണ്യം പൂക്കാവടിയായി... (2)
പൊന്നുമലകേറിവരും ആണ്ടിവടിവോനേ...
(ഹരഹരോ)

സ്വാമിതന്റെ നടയിലിന്നു തകിലുമേളം
സ്വാമിഭക്ത മാനസത്തിൻ പാലഭിഷേകം ...(2)
പഴനിയിൽ പൂജചെയ്ത പഞ്ചാമൃതം...(2)
പാപിയുണ്ടു നേടിടുന്നു മോക്ഷമക്ഷണം...
(ഹരഹരോ)

പഴനിവാഴും...... (ഹരഹരോ)

## അയ്യപ്പ കീർത്തനം

സ്വാമീ ശരണം ശരണമെന്റയ്യപ്പാ
സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ
ഹരിഹര സുതനേ ശരണമെന്റയ്യപ്പാ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പാ.

ഹരിശ്രീതൻ മുത്തുകൾ
വിരൽപ്പൂവിൽ വിടർത്തിയ-
ഗുരുവിന്റെ ശ്രീപദങ്ങൾ വണങ്ങി
ശിരസ്സിതിൽ ഇരുമുടിക്കെട്ടുകളും താങ്ങി
എരുമേലിൽ പേട്ട തുള്ളും കന്നി അയ്യപ്പൻമാർ
ഞങ്ങൾക്കൊരു ജാതി ഒരു മതം ഒരു ദൈവം
അയ്യപ്പാ സ്വാമി അയ്യപ്പാ....

മനസ്സിന്റെ കെട്ടിൽ നിന്നും അഴുതയിൽ നിന്നും
ഞങ്ങൾ കനകവും പവിഴവും പെറുക്കി
അവയൊക്കെ കല്ലിടും കുന്നിലിട്ടു വണങ്ങി
കരിമല മടിയിലെ തീർത്ഥക്കരെ നില്ക്കും
ഞങ്ങൾക്കൊരു ജാതി ഒരു മതം ഒരു ദൈവം
അയ്യപ്പാ സ്വാമി അയ്യപ്പാ...

ഭഗവാനുമൊരുമിച്ചു പമ്പയിൽ വിരിവെച്ചു
ഭജനസങ്കീർത്തനങ്ങൾ പാടി - സദ്യയുണ്ടു
പമ്പ വിളക്കും കണ്ടു മടങ്ങി
ശബരി പീഠത്തിലെത്തി ശരണം വിളിക്കും
ഞങ്ങൾക്കൊരു ജാതി ഒരു മതം ഒരു ദൈവം
അയ്യപ്പാ സ്വാമി അയ്യപ്പാ...

കഴുത്തിൽ രുദ്രാക്ഷവുമായ്
മകര സംക്രമ സന്ധ്യ
കനകാഭിഷേകം ചെയ്യും നടയിൽ
അവിടുത്തെ
അനശ്വര ചൈതന്യത്തിൻ നടയിൽ
പതിനെട്ടാം പടികേറി ഭഗവാനെ തൊഴും
ഞങ്ങൾക്കൊരു ജാതി ഒരു മതം ഒരു ദൈവം
അയ്യപ്പാ സ്വാമി അയ്യപ്പാ...

സ്വാമി ശരണം ശരണമെന്റയ്യപ്പാ
സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ
ഹരിഹര സുതനേ ശരമം പൊന്നയ്യപ്പാ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പാ...

## അയ്യപ്പ കീർത്തനം - 2

അയ്യനേ കാണാൻ
സ്വാമീ അയ്യനേ കാണാൻ
പൊന്നമ്പല മേട്ടിൽ വാഴും
അയ്യനേ കാണാൻ

കുന്നും കുഴിയും കാടും
കല്ലും മുള്ളുകളും ചവുട്ടി
ഉല്ലാസരായിരുന്നു
ഞങ്ങൾ വരുന്നയ്യപ്പാ

സ്വാമി ശരണം അയ്യപ്പാ
ശരണം ശരണമയ്യപ്പാ

മണ്ഡല വ്രതമെടുത്തു മാലയണിഞ്ഞു
ഇരുമുടിക്കെട്ടും താങ്ങി വരുന്നയ്യപ്പാ
പമ്പയിൽ കുളിച്ചു ഞങ്ങൾ ബലികഴിഞ്ഞു
പമ്പമേളപ്പാട്ടും പാടി വരുന്നയ്യപ്പാ

കേറ്റം കഠിനം മലയേറ്റം കഠിനം
തൃക്കൈനീട്ടി കരിമല നീലിമല-
യേറ്റിവിടെന്റയ്യാ

അയ്യനേ കാണാൻ.....

പടിത്താഴെയെത്തി ഞങ്ങൾ തൊഴുതയ്യപ്പാ
നാളികേരം നടയിലങ്ങുടച്ചയ്യപ്പാ

പടിപതിനെട്ടും തൊട്ടു തൊഴുതയ്യപ്പാ
തിരുമുമ്പിലെത്തി ഞങ്ങൾ വിളിച്ചയ്യപ്പാ
ദോശം തീർക്കണേ
സ്വാമി മോക്ഷം തരണേ
സ്വാമി തൃക്കൺ പാർത്തടിയങ്ങടെ
അല്ലലകറ്റണമേ

അയ്യനേ കാണാൻ.....

## അയ്യപ്പ കീർത്തനം - 3

ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശബരിഗിരിനാഥാ സ്വാമി ശരണമയ്യപ്പാ... (2)
സ്വാമി ശരണം അയ്യപ്പശരണം
സ്വാമി ശരണം അയ്യപ്പശരണം
സ്വാമിയേ ശരണം

മണ്ഡലം നൊയമ്പുനോറ്റു... അക്ഷരലക്ഷം
മന്ത്രങ്ങളുരുക്കഴിച്ചു...... (മണ്ഡലം)

പുണ്യപാപച്ചുമടുകളാം ഇരുമുടിക്കെട്ടുമേന്തി
പൊന്നമ്പല മല ചവിട്ടാൻ വരുന്നു ഞങ്ങൾ

(ശരണ)

സ്വാമി ശരമം അയ്യപ്പശരണം
സ്വാമി ശരണം അയ്യപ്പശരമം
സ്വാമിയേ ശരണം..... (2)

പമ്പയിൽ കുളിട്ടുതോർത്തി
ഉള്ളിലുറങ്ങും അമ്പലക്കിളിയെയുണർത്തി

(പമ്പയിൽ)

പൊള്ളയായൊരുടുക്കുമായ്
പേട്ടതുള്ളി പാട്ടുപാടി
പതിനെട്ടാം പടി ചവിട്ടാൻ വരുന്നു ഞങ്ങൾ

(ശരണ)

സ്വാമി ശരണം അയ്യപ്പശരണം
സ്വാമി ശരണം അയ്യപ്പശരണം
സ്വാമിയേ ശരണം..... (2)

ശ്രീകോവിൽ തിരുനടയിങ്കൽ....
കർപ്പൂരമലകൾ
കൈകൂപ്പി തൊഴുതുരുകുമ്പോൾ

(ശ്രീകോവിൽ)

പത്മരാഗ പ്രഭ വിടർത്തും
തൃപ്പദങ്ങൾ ചുംബിക്കും
കൃഷ്ണതുളസി പൂക്കളാവാൻ
വരുന്നു ഞങ്ങൾ...

(ശരണ)

സ്വാമി ശരണം അയ്യപ്പശരണം
സ്വാമി ശരണം അയ്യപ്പശരണം
സ്വാമിയേ ശരണം... (2)

## അയ്യപ്പ കീർത്തനം - 4

ഒരേ ഒരു ലക്ഷ്യം ശബരിമാമല
ഒരേ ഒരു മോഹം ദിവ്യദർശനം
ഒരേ ഒരു മാർഗം പതിനെട്ടാം പടി
ഒരേ ഒരു മന്ത്രം ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ-

(ഒരേ ഒരു)

ഒരുമയോടുകൂടി ഒഴുകിവന്നിടുന്നു
ശരണപങ്കജങ്ങൾ പണിയുവാൻ വരുന്നു - 2
ഒരു വപുസ് ഞങ്ങൾ ഒരു മനസ്സ് ഞങ്ങൾ
ഒരു വചസ് ഞങ്ങൾക്ക് ഒരു തരം വിചാരം - 2
അഖിലരും വരുന്നു പൊൻ ശരണം തേടി
ഹരിഹരാത്മജാ നീ ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
(ഒരേ ഒരു)

വനതലം വിറയ്ക്കും വലിയ ശബ്ദധാര
സുരപദം നടുങ്ങും ശരണ ശബ്ദധാര - 2
അടവികൾ കടന്നു മലകളും കടന്നു
പരമപാവനം പൂങ്കാവനം കടന്നു
വരികയായി ഞങ്ങൾ അരികിലായി ഞങ്ങൾ
ഹരിഹരഹാത്മജാ നീ ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ-
(ഒരേ ഒരു)

## ഗുരുസ്തോത്രം

ഓം ഗുരുർബ്രഹ്മാഃ ഗുരുർ വിഷ്ണുഃ
ഗുരുർദ്ദേവോ മഹേശ്വരാ
ഗുരുസാക്ഷാത്പര ബ്രഹ്മ
തസ്മൈ ശ്രീ ഗുരുവേനമഃ

നാരായണമൂർത്തേ! ഗുരു നാരായണ മൂർത്തേ!
നാരായണമൂർത്തേ! പരമാചാര്യ നമസ്തേ

ആരായുകിലന്ധത്വമൊഴിച്ചാദി മഹസ്സിൻ
നേരാം വഴികാട്ടും ഗുരുവല്ലോ പരദൈവം
ആരാദ്ധ്യനതോർത്തീടുകിൽ ഞങ്ങൾക്കവിടുന്നാ
നാരായണമൂർത്തേ ഗുരുനാരായണമൂർത്തേ
(നാരായണ)

അൻപാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വൻപാകെ വെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുൻപായി നിനച്ചൊക്കെയിലും ഞങ്ങൾഭജിപ്പൂ
നിൻപാവനപാദം ഗുരുനാരായണമൂർത്തേ
(നാരായണ)

അന്യർക്കു ഗുണം ചെയ്‌വതിനായുസ്സുവപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വു
സന്യാസികളില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമിയലുന്നവരും ശ്രീ ഗുരുമൂർത്തേ
(നാരായണ)

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരു വൻതാൻ
ഭേദാദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ
(നാരായണ)

മോഹാകുലരാം ഞങ്ങളെ അങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽ കെട്ടിയിഴപ്പൂ
ആഹാബഹുലക്ഷം ജനമങ്ങേതിരുനാമ-
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തേ
(നാരായണ)

അങ്ങേത്തിരുവുള്ളൂറിയൊരൻപിൻ വിനിയോഗം
ഞങ്ങൾക്കു ശുഭം ചേർത്തീടുമീ ഞങ്ങടെയോഗം
എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പൂ -
മങ്ങാതെ ചിരം നിൻപുകൾപോൽ ശ്രീ ഗുരുമൂർത്തേ
(നാരായണ)

# 1
## ജ്ഞാനപ്പാന
### പൂന്താനം

കൃഷ്ണ കൃഷ്ണ മുകുന്ദാ ജനാർദ്ദനാ
കൃഷ്ണ ഗോവിന്ദ നാരായണാ ഹരേ
അച്യുതാനന്ദ ഗോവിന്ദ മാധവാ
സച്ചിതാനന്ദ നാരായണാ ഹരേ

ഗുരുനാഥൻ തുണ ചെയ്ക സന്തതം
തിരുനാമങ്ങൾ നാവിന്മേലെപ്പോഴും
പിരിയാതെയിരിക്കണം നമ്മുടെ
നരജന്മം സഫലമാക്കീടുവാൻ

ഇന്നലെയോളമെന്തെന്നറിഞ്ഞീലാ
ഇനി നാളെയുമെന്തെന്നറിഞ്ഞീലാ
ഇന്നിക്കണ്ടതടിക്കുവിനാശവു
മിന്നനേരമെന്നേതുമറിഞ്ഞീല

കണ്ടു കണ്ടങ്ങിരിക്കും ജനങ്ങളെ
ക്കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ
രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ

മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ
കണ്ടാലൊട്ടറിയുന്നു ചിലരിതു
കണ്ടാലും തിരിയാചിലർക്കേതുമേ

കണ്ടതൊന്നുമേ സത്യമല്ലെന്നതു
മുമ്പേ കണ്ടിട്ടറിയുന്നിതുചിലർ
മനുജാതിയിൽത്തന്നെ പലവിധം
മനസ്സിനു വിശേഷമുണ്ടോർക്കണം

പലർക്കുമറിയേണമെന്നിട്ടല്ലോ
പലജാതിപറയുന്നു ശാസ്ത്രങ്ങൾ
കർമ്മത്തിലധികാരി ജനങ്ങൾക്കു
കർമ്മശാസ്ത്രങ്ങളുണ്ടു പലവിധം

സാംഖ്യശാസ്ത്രങ്ങൾ യോഗങ്ങളെന്നിവ
സംഖ്യയില്ലെതു നിൽക്കട്ടെ സർവവും
ചുഴന്നീടുന്ന സംസാരചക്രത്തി
ലുഴന്നീടും നമുക്കറിഞ്ഞീടുവാൻ

അറിവുള്ള മഹത്തുക്കളുണ്ടൊരു
പരമാർത്ഥമരുൾ ചെയ്തിരിക്കുന്നു
എളുതായിട്ടു മുക്തി ലഭിപ്പാനായ്
ചെവി തന്നിതു കേൾപ്പിനെല്ലാവരും

# 1
## NJANAPPANA
### POONTHANAM

Krishna Krishna Mukunda Janardhana
Krishna Govinda Narayana Hare
Achyuthanantha Govinda Madhava
Sachithanantha Narayana Hare

Gurunathan Thuna Cheyka Santhatham
Thirunamangal Navinmeleppozhum
Piriyatheyirikkanam Nammude
Narajanmam Saphalamakkeduvan

Innaleyolamenthennarinjeela
Ini Naleyumenthennarinjeela
Inneekkandathadikkuvinasavu
Minnaneramennathumarinjeela

Kandukandangirikkum Janangale
Kandillennu Varuthunnathum Bhavan
Randunalu Dinamkondoruthane
Thandiletti Nadathunnathum Bhavan

Malikamukalileriya Mannante
Tholil Marappukettunnathum Bhavan
Kandalottariyunnu Chilarithu
Kandalum Thiriyachilarikkethume

Kandathonnume Sathyamallennathu
Munpe Kandittariyunnithu Chilar
Manujathiyilthanne Palavidham
Manassinu Viseshamundorkanam

Palarkkumariyenamennittallo
Palajathiparayunnu Sasthrangal
Karmathiladhikari Janangalkku
Karmasasthrangalundu Palavidham

Samkhyasasthrangal Yogangalenniva
Samkhyayillithu Nilkkatte Sarvavum
Chuzhanneedunna Samsarachakrathi
Luzhanneedum Namukkarinjeeduvan

Arivulla Mahathukkalundoru
Paramarthamural cheythirikkunnu
Eluthayittu Mukthi Labhippanai
Chevi Thannithu Kelppinellavarum

നമ്മെയൊക്കെയും ബന്ധിച്ച സാധനം
കർമ്മമെന്നറിയേണ്ടിതു മുമ്പിനാൽ
മുന്നമിക്കണ്ട വിശ്വമശേഷവും
ഒന്നായുള്ളോരു ജ്യോതിസ്വരൂപമായ്

ഒന്നും ചെന്നങ്ങു തന്നോടു പറ്റാതെ
ഒന്നിനും ചെന്നുതാനും വലയാതെ
ഒന്നൊന്നായി നിനയ്ക്കും ജനങ്ങൾക്കു
ഒന്നുകൊണ്ടറിവാകുന്ന വസ്തുവായ്

ഒന്നുകൊണ്ടും തിരിയാത്ത വസ്തുവായ്
ഒന്നിലുമറിയാത്ത ജനങ്ങൾക്ക്
ഒന്നുകൊണ്ടും തിരിയാത്ത വസ്തുവായ്
ഒന്നുപോലെയൊന്നില്ലാതെയുള്ളതി

ന്നൊന്നായുള്ളൊരു ജീവസ്വരൂപമായ്
ഒന്നിലുമൊരു ബന്ധമില്ലാതെയായ്
നിന്നവൻ തന്നെ വിശ്വം ചമച്ചുപോൽ
മിന്നുമൊന്നിലടങ്ങുന്നു പിന്നെയും

ഒന്നുമില്ലപോൽ വിശ്വമന്നേരത്ത്
ഒന്നുകൊണ്ടു ചമച്ചൊരു വിശ്വത്തിൽ
മൂന്നായിട്ടുള്ള കർമ്മങ്ങളൊക്കെയും
പുണ്യകർമ്മങ്ങൾ പാപകർമ്മങ്ങളും

പുണ്യപാപങ്ങൾ മിശ്രമാം കർമ്മവും
മൂന്നുജാതി നിരൂപിച്ചു കാണുമ്പോൾ
മൂന്നുകൊണ്ടും തളയ്ക്കുന്ന ജീവനെ
പൊന്നിൻ ചങ്ങലയൊന്നിപ്പറഞ്ഞതി

ലൊന്നിരുമ്പുകൊണ്ടെന്നത്രെ ഭേദങ്ങൾ
രണ്ടിനാലുമെടുത്തു പണിചെയ്ത
ചങ്ങലയല്ലൊ മിശ്രമാം കർമ്മവും
ബ്രഹ്മവാദിയായീച്ചയെറുമ്പോളും

കർമ്മബദ്ധന്മാരെന്നതറിഞ്ഞാലും
ഭുവനങ്ങളെ സൃഷ്ടിക്കയെന്നതും
ഭുവനാന്ത്യപ്രളയം കഴിവോളം
കർമ്മപാശത്തെ ലംഘിക്കയെന്നതു

ബ്രഹ്മവവിന്നുമെളുതല്ല നിർണ്ണയം
ദിക്പാലന്മാരുമീവണ്ണമോരോരോ
ദിക്കു തോറും തളച്ചു കിടക്കുന്നു
അല്പകർമ്മികളാകിയ നാമെല്ലാ

മല്പകാലം കൊണ്ടോരോരോ ജന്തുക്കൾ
ഗർഭപാത്രത്തിൽ പൂക്കും പുറപ്പെട്ടും
കർമ്മം കൊണ്ടു കളിക്കുന്നതിങ്ങനെ
നരകത്തിൽക്കിടക്കുന്ന ജീവൻപോയ്

Nammeyokkeyum Bandhicha Sadhanam
Karmmamennariyendithu Mumpinal
Munnamikkanda Viswamaseshavum
Onnayulloru Jyothiswarupamai

Onnum Chennangu Thannodu Pattathe
Onninum Chennu Thanum Valayathe
Onnonnai Ninaykkum Janangalkku
Onnukondarivakunna Vasthuvai

Onnukondum Thiriyatha Vasthuvai
Onnilumariyiatha Janangalkku
Onnukondum Thiriyatha Vasthuvai
Onnupoleyonnillatheyullathi

Nnonnayulloru Jeevaswaroopamai
Onnilumoru Bandhamillatheyai
Ninnavan Thanne Viswam Chamachupol
Munnumonniladangunnu Pinneyum

Onnumillapol Viswamannerathu
Onnukondu Chamachoru Viswathil
Moonnayittulla Karammangalokkeyum
Punyakarmangal papakarmangalum

Punyapapangal Misramam Karmavum
Moonnujathi Niroopichu Kanumbol
Moonnu Kondum Thalaikkunna Jeevane
Ponnin Changalayonnipparanjathi

Lonnirumbukondennathre Bhethangal
Randinalumenduthu Panicheitha
Changalayallo Misramam Karmavum
Brahmavathiyayeechayerumbolum

Karmabandhanmarennatharinjalum
Bhuvanangale Srishkkayennathu
Bhuvananthyaprlayam Kazhivolam
Karmmapasathe Lamkhikkayennathu

Brahmavinnumeluthalla Nirnnayam
Dhikpalanmarumeevannamororo
Dhikku Thorum Thalachu Kidakkunnu
Alpakarmikalakiya Namella

Malpakalam Kondororo Janthukkal
Garbhapathrathil Pookkum Purappettum
Karmmam Kondu Kalikkunnathinjgane
Narakathilkkidakkunna Jeevanpoi

ദുരിതങ്ങളൊടുങ്ങി മനസ്സിന്റെ
പരിപാകവും വന്നു ക്രമത്താലെ
നരജാതിയിൽ വന്നു പിറന്നിട്ടു
സുകൃതം ചെയ്തു മേല്പോട്ടു പോയവർ

സുഖിച്ചീടുന്നു സത്യലോകത്തോളം
സല്ക്കർമ്മം കൊണ്ടു മേല്പോട്ടു പോയവർ
സ്വർഗ്ഗത്തിങ്കലിരുന്നു സുഖിക്കുന്നു
സുകൃതങ്ങളുമൊക്കെയൊടുങ്ങുമ്പോൾ

## 2
## ഭാഗവത കീർത്തനം

(ഓംകാരം ബ്രഹ്മബിന്ദുസ്ഥം ലോകാലോക
പ്രവർത്തകഃ ശ്രീകൃഷ്ണ പരമാത്മനാം ഭാഗവന്തം ഭജാമ്യ
ഹം)

ഒന്നാം പാദം :
നാരായണ ജയ നാരായണ ജയ നാരായണ ജയ
നാരായണ ജയ
നാരായണ തവ പാദസരോജം അകമേ വിലസുക
നാരായണ ജയ

കരളിൽ വിവേകം കൂടാതെക-
ണ്ടരനിമിഷം ബത കളയരുതാരും
മരണം വരുമിനിയെന്നു നനച്ചിഹ
മരുവുക സതതം നാരായണ ജയ

കാണുന്നു ചിലർ പലതുമുപായം
കാണുന്നില്ല മരിക്കുമിതെന്നും
കാൺകിലുമൊരുനൂറ്റാണ്ടിനകത്തി-
ല്ലെന്നേ കാണൂ; നാരായണ ജയ

കിമപിവിചാരിച്ചീടുകിൽ മാനുഷ-
ജന്മനിവേണം മുക്തിവരേണ്ടുകിൽ;
കൃമിജന്മത്തിലുമെളുതായ് വരുമീ
വിഷയസുഖം ബത! നാരായണ ജയ

കീഴിൽ ചെയ്ത സുഖാസുഖാകർമ്മം
മേലിൽ സുഖദുഃഖത്തിനു കാരണം
സുഖമൊരു ദുഃഖം കൂടാതേക-
ണ്ടൊരുവനുമുണ്ടോ? നാരായണ ജയ

കുന്നുകൾ പോലെ ധനമുണ്ടാകിലു
മിന്ദ്രനുസമമായ് വാണീടുകിലും
ഒന്നുരിയാടുവതിന്നിടകിട്ടാ
വന്നാൽ യമഭടർ, നാരായണ ജയ

Dhurithangalodungi Manassinte
Paripakavum Vannu Kramathale
Narajathiyil Vannu Pirannittu
Sukrutham Cheithu Melpottu Poyavar

Sukhicheedunnu Sathyalokatholam
Salkarmam Kondu Melpottu Poyavar
Swargathinkalirunnu Sukhikkunnu
Sukruthangalumokkeyodungumbol

## 3
## BHAGAVATHA KEERTHANAM

[Omkaram Brahmabindustham Lokalopravarthaka
sreekrishna Paramathmanam Bhagavantham
Bhajamyaham)

Onnam Patham:

Narayana Jaya Narayana Jaya Narayana Jaya
Narayana Jaya
Narayana Thava pathasarojam Akame Vilasuka
Narayana Jaya

Karlil Vivekam Koodatheka-
Ndaranimisham Batha Kalayarutharum
Maranam Varuminiyennu Ninachiha
Maruvuka Santhatham Narayana Jaya

Kaanunnu Chilar Palathumupayam
Kanunnilla Marikkumithennum
Kankilumoru Noottandinakathi-
Llenne Kanu; Narayan Jaya

Kimapivicharicheedukil Manusha-
Janmanivenam Mukthi varendukil;
Krimijanmathilumeluthai Varumee
Vishayasukham Batha! Narayana Jaya

Keezhil Cheytha Sukhasukhakarmam
Melil Sukha Dhukkhathinu Karanam
Sukhamoru Dhukkham Koodatheka-
Ndoruvanumundo? Narayana Jaya

Kunnukal Pole Dhanamundakilu-
Mindranusamamai Vaneedukilum
Onnuriyaduvathinnidakitta
Vannal Yamabhadar, Narayana Jaya

കൂപേ വീണുഴലുന്നതുപോലെ
ഗേഹേ വീണുഴലുന്ന ജനാനാം
ആപദ്ജനമകലേണ്ടുകിൽ മുനിജന
വാക്കുകൾ പറയാം; നാരായണ ജയ

കെട്ടുകളായതു കർമ്മം; പുരുഷനു
കെട്ടുകളറ്റേ മുക്തിവരു ദൃഢം
കെട്ടുകളോ ഫല ഭുക്ത്യാതീരും;
കെട്ടായിനിയും; നാരായണ ജയ

കേൾക്കണമെളുതായുണ്ടു രഹസ്യം;
ദുഷ്കൃതവും നിജ സുകൃതവുമെല്ലാം
കാൽക്കൽ നമസ്കൃതി ചെയ്തു മുകുന്ദനി-
ലാക്കുക സതതം; നാരായണ ജയ

കയ്യിൽ വരുന്നതുകൊണ്ടു ദിനങ്ങൾ
കഴിക്ക; ഫലം പുനരിച്ഛിക്കൊല്ലാ;
കൈവരുവാകിലുമിന്ദ്രന്റെ പദ-
മെന്തിനു ? തുച്ഛം ! നാരായണ ജയ

കൊടിയ തപസ്സുകൾ ചെയ്തോരോഫല-
മിച്ഛിച്ചീടുകിൽ മുക്തി വരാദൃഢം;
അടിമലർ തൊഴുകിലൊരിച്ഛാഹീനം
മുക്തന്മാരവർ; നാരായണ ജയ

കോപം കോണ്ടു ശപിക്കരുതാരും
ഭഗവന്മയമെന്നോർക്കസമസ്തം
സുഖവും ദുഃഖവുമനുഭവകാലം
പോയാൽ സമമിഹ നാരായണ ജയ

കൗതുകമൊന്നിലുമില്ലിനി; മഹതാം
ഭഗവത് ഭക്തന്മാരൊടുകൂടി
ഭഗവത് ഗുണകഥനശ്രവണങ്ങളൊ-
ഴിഞ്ഞൊരു നേരം; നാരായണ ജയ

കരുണാകരനാം ശ്രീനാരായണ-
നരുളീടും നിജ സായൂജ്യത്തെ;
ഒരു ഫലമുണ്ടോ പതിനായിരമുരു
ചത്തുപിറന്നാൽ; നാരായണ ജയ

ബഹുജന്മാർജ്ജിത കർമ്മശേഷം
തിരുമുൽക്കാഴ്ച നിനക്കിഹ വെച്ചേൻ,
ജനിമരണങ്ങളെനിക്കിനി വേണ്ട;
പരിപാലയമാം; നാരായണ ജയ

നാരായണ ജയ നാരായണ ജയ നാരായണ ജയ
നാരായണ ജയ
നാരായണ തവ പാദസരോജം അകമേ വിലസുക
നാരായണ ജയ

Koope Veenuzhalunnathupole
Gehe Veenuzhalunna Jananaam
Aapathjanamakalendukil Munijana
Vakkukal Parayam; Narayana Jaya

Kettukalayathu Karmam; Purushanu
Kettukalatte Mukthivaru Dhrudam;
Kettukalo Bhala Bhukthyatheerum;
Kettayiniyum Narayana Jaya

Kelkkanameluthayundu Rahasyam;
Dhushkruthavum Nija Sukruthavumellam
Kalkkal Namaskruthi Cheithu Mukundani-
Lakkuka Sathatham; Narayana Jaya

Kayyil varunnathukondu Dinangal
Kazhikka; Bhalam Punarichikkolla;
Kaivaruvakilumindrante Patha-
Menthinu? Thucham! Narayana Jaya

Kodiya Thapassukal Chaitharobhala-
Michicheedukil Mukthi Varadhrudam;
Adimalar Thozhukilorichaheenam
Mukthnmaravar; Narayan Jaya

Kopam Kondu Sapikkarutharum
Bhagavanmayamennorukkasamastham;
Sukhavum Dhukkavumanubhavakalam
Poyaal Samamiha ; Narayana Jaya

Kauthukamonnilumillinne; Mahatham
Bhagavath Bhakthanmarodukoodi
Bhagavath Gunakathansravanangalo-
Zhinjoru Neram; Narayana Jaya

Karunakaranam Sreenarayana
Naruleedum Nija Sayoojyathe;
Oru Bhalamundo Pathinayiramuru
Chathu Pirannal; Narayana Jaya

Bahujanmarjithakarmmasesham
Thirumulkkazhcha Ninakkiha Vechen;
Janimaranangalenikkini Venda
Paripalayamam; Narayan Jaya

Narayana Jaya Narayana Jaya Narayana Jaya
Narayana Jaya
Narayana Thava Pathasarojam Akame Vilasuka
Narayana Jana

## 3
## ദൈവദശകം

ദൈവമെ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻതോണി നിൻപദം

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം

അന്നവസ്ത്രാദി മുട്ടാതെ
തന്നുരക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ

ആഴിയും തിരയും കാറ്റും
ആഴവും പോലെ ഞങ്ങളും
മായയും നിൻമഹിമയും
നീയുമെന്നുള്ളിലാകണം

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ! സൃഷ്ടി-
യ്ക്കുള്ള സാമഗ്രിയായതും

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയേ നീക്കി
സ്സായൂജ്യം നൽകുമാര്യനും

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ

അകവും പുറവും തിങ്ങു-
മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു
ഭഗവാനേ! ജയിക്കുക!

ജയിക്കുക മഹാദേവ,
ദീനാവനപരായണ,
യജിക്കുക ചിദാനന്ദ
ദയാസിന്ധോ ജയിക്കുക

## 3
## DAIVADASAKAM

Daivame! Kathukolkangu
Kaividathingu Njangale
Navikan Nee Bhavabdhikko-
Ravivanthoni Ninpatham

Onnonnayenniyennitho-
Ttennum Porulodungiyal
Ninnidum Dhrukkupolullam
Ninnilaspanthamakanam

Annavasthrathi Muttathe
Thannurakshichu Njangale
Dhanyarakkunna Neeyonnu
Thanne Njangalkku Thamburan

Aazhiyum Thirayum Kattum
Aazhavum Pole Njangalum
Mayayum Ninmahimayum
Neeyumennullilakanam.

Neeyallo Srishtiyum Srashta
Vayathum Srishtijalavum
Neeyallo Daivame! Shrishti-
Kkulla Samagriyayathum

Neeyallo Mayayum Maya-
Viyum Mayavinodhanum
Neeyallo Mayaye Neekki
Ssayoojyam Nalkumaryanum

Nee Sathyam Njanamanantham
Nee Thanne Varthamanavum
Bhoothavum Bhaviyum Vera-
Llothum Mozhiyumorkkil Nee

Akavum Puravum Thingu-
Mahimavarnna Ninpatham
Pukazhthunnu Njangalangu
Bhagavane!Jayikkuka!

Jayikkuka Mahadeva,
Dheenavanaparayana
Yajikkuka Chithanantha
DhayaSindho! Jayikkuka.

ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം

## 4
## ഗുരുദേവപ്രാർത്ഥന

ദൈവമേ സച്ചിതാനന്ദാ
ദൈവമേ ഭക്തവത്സലാ
ദൈവമേ ഭവൽ കാരുണ്യം
ദീർഘകാലം വരേണമേ

സൃഷ്ടിച്ചു ഞങ്ങളെ പിന്നെ
രക്ഷിച്ചു വഴിപോലെ നീ
സൂക്ഷിച്ചു മരുവുന്നങ്ങേ
ഞങ്ങളോർക്കുന്നു സർവദാ

അന്നവസ്ത്രങ്ങളും പിന്നെ
മന്നിൽ വേണ്ടും പദാർത്ഥങ്ങളും
ഒന്നും കുറവുകൂടാതെ
തന്നിടുന്നു വിഭോ ഭവാൻ

സ്രഷ്ടാവേ അങ്ങേ ഓർക്കാത്ത
ദുഷ്ഠരേയും കൃപാബലത്താൽ
ശിഷ്ടരാക്കേണമേ ദേവാ
വിഷ്ടപേശാ ദയാ നിധേ

ശ്രീബുദ്ധൻ ഭഗവാൻ ക്രിസ്തു
അള്ളാ ശ്രീപരമേശ്വരൻ
ശ്രീ കൃഷ്ണനെന്നിപ്പേരോതി
അങ്ങേവാഴ്ത്തുന്നു നാട്ടുകാർ

എല്ലാം ഭവാനൊരാളന്ന്
ഞങ്ങൾക്കൊക്കെയറിഞ്ഞിടാം
അങ്ങേയ്ക്കുള്ള കൃപാവർഷം
ഞങ്ങളിൽ ചൊരിയേണമേ

ഞങ്ങളോമറ്റൊരാലംബം
എങ്ങും കാണാതിരിക്കുവോർ
ഞങ്ങളെ കാത്തുകൊള്ളേണം
ഭംഗം കൂടാതെ നിത്യവും

നമസ്കാരം ദേവ ദേവ
നമസ്കാരം പരാപര
നമസ്കാരം ചിതാനന്ദ
നമസ്കാരം ജഗൽപതേ

Aazhamerum Ninmahassa-
Mazhiyil Njangalakave
Aazhanam Vazhanam Nithyam
Vazhanam Vazhanam Sukham

## 4
## GURUDEVAPRARTHANA

Daivame Sachithanantha
Daivame Bhakthavathsala
Daivame Bhaval Karunyam
Deerkhakalam Varename

Srishtichu Njangale Pinne
Rakshichu Vazhipole Nee
Sookshichu Maruvunnange
Njangalorkkunnu Sarvatha

Annavasthangalum Pinne
Mannil Vendum Patharthangalum
Onnum Kuravukoodathe
Thannidunnu Vibho Bhavan

Srashtave Ange Orkkatha
Dhushtareyum Kripabalathal
Sishtarakkename Deva
Vishtapesa Daya Nidhe

Sreebudhan Bhagavan Kristhu
Allah Sree Parameswaran
Sreekrishnanenneepperothi
Ange Vazhthunnu Nattukar

Ellam Bhavanoralennu
Njangalkkokkeyarinjeedam
Angeikkulla Kripavarsham
Njangalil Choriyename

Njangalomattoralambham
Engum Kanathirikkuvor
Njangale Kathukollenam
Bhangam Koodathe Nithyavum

Namaskaram Deva Deva
Namaskaram Parapara
Namaskaram Chithanantha
Namaskaram Jagalpathe

ശ്രീനാരായണ ഗുരുസ്വാമി
ഭഗവാനഹനാശനൻ
കാരുണ്യനിലയൻ നമ്മെ
കാത്തു കൊള്ളട്ടെ സർവ്വദാ

5

ദൈവമേ സച്ചിതാന്ദാ
ദൈവമേ ഭക്തവത്സലാ
ദൈവമേ നിന്റെ സായൂജ്യം
പരേതാത്മാവിനേകണേ

ഉലകെങ്ങും വൻപ്രതാപം
പുലർത്തും വീരവീരനും
സുലഭം നിൻ ശാസനാഗ്നി
ജ്വാലയിൽ ശലഭം വിഭോ

മരണത്തിനു സാമ്രാട്ടും
ശിരസാഹന്ത താഴ്ത്തണം
പരമേശ്വരാ നിൻമുന്നിൽ
നരൻ ബഹുതൃണം വിഭോ!

മൃതിയോ ജനിയോ സൗഖ്യ
ഹേതുവേതോ മഹേശ്വരാ!
അതിഭീകര സംസാര-
ഗതിക്കീരണ്ടുമൊത്തതോ?

മൃതി, ജീവിക്കു ജന്മാനാം-
സ്ഥിതി ചേർക്കുന്നതായ്‌വരും
അതിനാലിതിലെന്നെന്നും
മതിമങ്ങാതിരിക്കണം

പ്രാരബ്ധത്തിനുവശരായ്
ചരിച്ചീടുന്നു ജീവികൾ
മരിക്കുന്നു ജനിക്കുന്നു
കരയാനില്ല കാരണം

ഉടവാർന്നുള്ള ദേഹത്തെ
വെടിഞ്ഞുകൊണ്ട് ദേഹികൾ
ഉടൻ നൂതനമാം ദേഹ-
മെടുത്തീടുന്നു ദൈവമേ!

മരണം കൊണ്ടു കരയാൻ
കാരണം നാസ്തിയെങ്കിലും
കരൾ കായുന്നു, കണ്ണീരു
കരവിട്ടൊഴുകുന്നു ഹാ!

Sree Narayana Gurswamy
Bhagavanahanasanan
Karunyanilayan Namme
Kathu Kollatte Sarvatha

5

Dhaivame Sachithananda
Dhaivame Bhakthavathsala
Dhaivame Ninte Sayoojyam
Parethathmavinekane

Ulakengum Vanprathapam
Pularthum Veeraveeranum
Sulabham Nin Saasanagni
Jwalayil Salabham Vibho

Maranathinu Samrattum
Sirasahantha Thazhthanam
Parameswara Ninmunnil
Naran Bahuthrunam Vibho!

Mruthiyo Janiyo Saukhya
Hethuvetho Maheswara!
Athibheekara Samsara-
Gathikkeerandumothatho?

Mruthi, Jeevikku Janmanam-
Sthithi Cherkkunnathaivarum
Athinalithilennennum
Mathimangathirikkanam

Prarabdhathinuvasarai
Charicheedunnu Jeevikal
Marikkunnu Janikkunnu
Karayanilla Karanam

Udavarnnulla Dhehathe
Vedinjukondu Dhehikal
Udan Noothanamam Dheha-
Medutheedunnu Dhaivame!

Maranam Kondu Karayan
Karanam Nasthiyenkilum
Karal Kayunnu, Kanneeru
Karavittozhukunnu Ha!

ഇന്നിച്ചുടുന്ന കണ്ണീരു
തന്നെ പിയൂഷമായ് വരാം
എന്നെന്നും കൂടുള്ള താനല്ലോ
മന്നിലാഹാര സൗഖ്യദം

ഞങ്ങളെ കൈവെടിഞ്ഞും കോ-
ണ്ടെങ്ങോ പോയൊരു ജീവനിൽ
അങ്ങുനൽകുക സർവ്വജ്ഞ
ഭംഗമേലാത്ത മംഗളം

കരകാണാത്ത സംസാര-
പാരാവാരത്തിലാർത്തരായ്
ത്വരിതം നീങ്ങുമീ ഞങ്ങൾ
ക്കാരുനീയെന്നിയാശ്രയം

മങ്ഗളാത്മക സർവ്വജ്ഞ!
തുങ്ഗകാരുണ്യ വിഗ്രഹ!
എന്നും മംഗളമേകണം
മങ്ഗളം ഭുവി മംഗളം!

6

## മോക്ഷപ്രാർത്ഥന

ദൈവമേ കാരുണ്യ വാരിധേ എന്റെ
ദൈവമെ പാപവിനാശനാ
ദൈവമേ ദുഃഖം തീർത്തീയാത്മാവിനെ
ദൈവമേ സായൂജ്യം നൽകണം

അച്ചുതാനന്ദ മുകുന്ദ പാലയ
നിശ്ചലാ സർവ്വ ലോകേശ്വര
നിശ്ചിതമായിട്ടിന്നീയാത്മാവിനെ
സ്വച്ഛമാം സായൂജ്യേ ചേർക്കണേ

ആദ്യന്തഹീന ഭവൽപാദത്തിങ്ക
ലാദ്യം നമിച്ചു പ്രാർത്ഥിക്കുന്നേൻ
വേദ്യസ്വരൂപ ഇന്നീയാത്മാവിനെ-
ഭേദ്യമാം സായൂജ്യം നൽകണേ (ദൈവേ)

ഇക്ഷിതിയിൽ നരജന്മമേറ്റഹോ
ദുഷ്കൃതമൊക്കെയും ചെയ്തുപോയ്
വിഷ്ടപേശാക്ഷമിച്ചീയാത്മാവിന്
ഇഷ്ടമായ് സായൂജ്യം നൽകണേ (ദൈവമേ)

Innichudunna Kanneeru
Thanne Peeyooshamai Varam
Ennennumkoodullathanallo
Mannilahara Saukhyadham

Njangale Kaivedinjum Ko-
Ndengo Poyoru Jeevanil
Angunalkuka Sarvagnja
Bhangamelatha Mangalam

Karakanatha Samsar-
Paravarathilartharai
Thwaritham Neengumee Njangal-
Kkaruneeyenniyasrayam

Mangalathmaka Sarwagnja!
Thngakarunya Vigraha!
Ennum Mangalamekanam
Mangalam Bhuvi Mangalam!

6

## MOKSHAPRARTHANA

Dhaivame Karunya Varidhe Ente
Dhaivame Papavinasana
Dhaivame Dhukkham Theertheeyathmavine
Dhaivame Sayoojyam Nalkanam

Atchuthanantha Mukuntha Palaya
Nischala Sarva Lokeswara
Nishithamayittinneeyathmavine
Swachamam Sayoojye Cherkkane

Aadhyanthaheena Bhavalpathathinka
Ladhyam Namichu Prarthikkunnen
Vedhyaswaroopa Inneeyathmavine
Bhedhyamam Sayoojyam Nalkane (Dhaivame)

Ikshithiyil Narjanmamettaho
Dhushkruthamokkeyum Cheithupoi
Vishtapesakshamicheeyathmavine
Ishtamai Sayoojyam Nalkane (Dhaivame)

ഈശ്വരാ നിൻഗതിയൊന്നുമോരാതെ
ക്ലേശമാം സാഗരെ വാഴുന്നു
ക്ലേശിമൊഴിച്ചു നീയാത്മാവിനന്നു
ശാശ്വത സായൂജ്യം നൽകണേ (ദൈവമേ)

ഉറ്റവനായി നീയല്ലാതിന്നാരും
മറ്റില്ല രക്ഷിപ്പാൻ ദൈവമേ
മുറ്റിടും ദോഷങ്ങൾ മാറ്റിയാത്മാവിനെ-
ന്നിഷ്ടമാം സായൂജ്യം നൽകണേ (ദൈവമേ)

ഊഴിയിൽ വന്നു പിറന്നേകനായ്
പാപമാം കർമ്മങ്ങൾ ചെയ്തഹോ
കോഴകൂടാതെയിന്നിയാത്മാവിന്
പാവനസായൂജ്യം നൽകണേ (ദൈവമേ)

ഏകസ്വരൂപനാം നിന്നുടെ ഹിത
മേതുമറിയാത്തീ പാപികൾ
സ്നേഹ പ്രഭാ ക്ഷമിച്ചീയാത്മവിനെ
ആഹന്ത സായുജ്യേ ചേർക്കണേ
(ദൈവമേ)

ഒട്ടും പാദം ഭജിച്ചില്ലേ സൽക്കർമ്മ
മൊട്ടുമേ ചെയ്തില്ലയെങ്കിലും
വിഷ്ടപേശാക്ഷമിച്ചീയാത്മാവിനെ
തുഷ്ടിയായ് സായുജ്യേ ചേർക്കണേ (ദൈവമേ)

ഓതുന്നതില്ല പിതാവേ നിൻശക്തി
യാരുമറിയുന്നില്ലെങ്കിലും
കാരുണ്യമായ് കനിഞ്ഞീയാത്മാവിനെ
നീ പര! സായൂജ്യേ ചേർക്കണേ (ദൈവമേ)

അൻപേഴും നിൻകൃപാവാരിധിയിങ്ക-
ലൻപോടുവാഴുവാനെപ്പോഴും
തമ്പുരാനേകനിഞ്ഞീയാത്മവിനു
സംപ്രീതി സായൂജ്യം ചേർക്കണേ (ദൈവമേ)

അർത്ഥകളത്രപുത്രാദിമിത്രങ്ങൾ
എത്തില്ല മൃത്യുകാലത്തു ഹാ
ഭക്തപ്രിയാ കനിഞ്ഞീയാത്മാവിനു
നിത്യമാം സായൂജ്യം ചേർക്കണേ (ദൈവമേ)

Eeswara Ningathiyonnumorathe
Klesamam Sagare Vazhunnu
Klesamozhichu Neeyathmavinnu
Saswatha Sayoojyam Nalkane (Dhaivame)

Uttavanai Neeyallathinnarum
Mattilla Rakshippan Dhaivame
Muttidum Dhoshangal Mattiyathmavine-
Nnishtamam Sayoojyam Nalkane (Dhaivame)

Oozhiyil Vannu Pirannanekamai
. Papamam Karmangal Cheithaho
Kozhakoodatheyinneeyathmavine
Pavana Sayoojyam Nalkane (Dhaivame)

Ethrajanmangal Eduthu Dharmangal
Ethrayum Khoramaicheithathum
BhakthapriyaKshamicheeyathmavinu
Nithyamam Sayoojyam Cherkkane (Dhaivame)

Ekaswaroopanam Ninnude Hitha
Methumariyathee Papikal
Sneha Prabha Kshamicheeyathmavine
Ahantha Sayoojye Cherkkane(Dhaivame)

Ottum Patham Bhajichilla Salkkarmma
Mottume Cheithillayenkilum
Vishtapesakshamicheeyathmavine
Thushtiyai Sayoojye Cherkkane (Dhaivame)

Oothunnilla Pithave Ninsakthi
Yarumariyunnillenkilum
Karunyamai Kaniyathmavine
Nee Para! Sayoojye Cherkkane (Dhaivame)

Anpezhum Ninkripavaridhiyinka-
Lanpoduvazhuvaneppozhum
Thamburane Kaninjeeyathmavinu
Sampreethi Sayoojyam Cherkkane (Dhaivame)

Arthakalathraputhrathimithrangal .
Ethilla Mruthyukalathu Ha
Bhakthapriya Kaninjeeyathmavinu
Nithyamam Sayoojyam Cherkkane (Dhaivame)

ഗീതോപദേശങ്ങൾ കേട്ടൊരു പാർത്ഥന്റെ
ചേതോവികാരമെനിക്കുമേകീടണേ
നല്ല പ്രവർത്തികൾ മാത്രം ചെയ്തീടുവാൻ
ചൊല്ലെഴും ദേവ! അനുഗ്രഹംനൽകണേ (ദൈവമേ)

രാപ്പകലെന്നുമെനിക്കു കൂട്ടാകണെ
മാത്രനെരംപോലും കൈവെടിഞ്ഞീടൊല്ലെ!
ദേവ ഗുരുദേവ ദൈവകൾക്കും ദേവ!
പാവമാമെന്നുടെ പ്രാർത്ഥന കേൾക്കണേ! (ദൈവമേ)

## 7.
## ചരമഗീതങ്ങൾ

നാരായണ ജയ: നാരായണ ജയ
നാരായണ ജയ: നാരായണ ജയ
ശരണാഗതനായ് വരുമീ ജീവന്
പരഗതിയേകുക നാരായണ ജയ!

കരുണാമയനാം ശ്രീനാരായണ
ഗുരുവിൻപാദം മർത്ത്യനു ശരണം
പരഗതിയേകാൻ ഗുരവിൻനാമം
വിരവൊടു പാടുക നാരായണ ജയ! (നാരായണ)

ഇഹപരസുകൃതം നൽകീടുമാർക്കും
ജനിമൃതി മോചനമേകീടുമാർക്കും
ഗുരുവര കരുണാലേശമുദിച്ചാൽ
കരുതുക നമ്മൾ നാരായണ ജയ! (നാരായണ)

വൃദ്ധിയിൽ വന്നു ജനിച്ചവരാരും
മൃതിയിൽ നിന്നും വിമോചിതരല്ല
ഹൃദിയിൽ നമ്മൾ മറക്കരുതാരും
കരുതിയിരിക്കുക നാരായണ ജയ (നാരായണ)

ദിനവും നന്മകളല്ലാതൊന്നും
നിനവിലിൽ പോലും ചെയ്യരുതാരും
കനിവിലുമേറ്റം തിന്മകളരുത്
കനിയും ഭഗവാൻ നാരായണ ജയ! (നാരായണ)

ദുരിതനിവാരണ മാർഗം തേടി
ദിനവും കത്സിതവേലകൾ കാട്ടും
മനുജനുമനഃസുഖമൊരുനാളും ബത
കിട്ടുകയില്ല നാരായണ ജയ! (നാരായണ)

Geethopadesangal Kettoru Parthante
Chethovikaramenikkumekidene
Nalla Pravruthikal Mathram Cheitheeduvan
Chollezhum Deva! Anugraham Nalkane!

Rappakalennumenikku Koottakane
Mathranerampolum Kaivedinjeedolle!
Deva Gurudeva Devakalkkum Deva!
Pavamamennude Prarthana Kelkkane!

## 7
## CHARAMAGEETHANGAL

Narayana Jaya: Narayana Jaya
Narayana Jaya: Narayana Jaya
Saranagathanai Varumee Jeevane
Paragathiyekuka Narayana Jaya!

Karunamayanam Sreenarayana-
Guruvinpadham Marthyanu Saranam
Paragathiyekan Guruvin Namam
Viravodu Paduka Narayana Jaya! (Narayana)

Ihapara Sukrutham Nalkeedumarkkum
Janimruthi Mochanamekeedumarkkum
Guruvara Karunalesamudhichal
Karuthuka Nammal Narayana Jaya! (Narayana)

Vridhiyil Vannu Janichavararum
Mruthiyil Ninnum Vimochitharalla
Hruthiyil Nammal Marakkarutharum
Karuthiyirikkuka Narayana Jaya! (Narayana)

Dhinavum Nanmakalallathonnum
Ninavil Polum Cheyyarutharum
Kanivilumettam Thinmakalaruth
Kaniyum Bhagavan Narayana Jaya! (Narayana)

Dhurithanivarana Margam Thedi
Dhinavum Kathsithavelakal Kattum
Manujanu Mana:Sukhamorunalum Batha
Kittukayilla Narayana Jaya! (Narayana)

സുഖദുഃഖങ്ങൾ കലർന്നൊരു ജീവിത-
മിഹസംസാരമതെന്നോതുന്നു
സുഖവും ദുഃഖവുമീശ്വരഹിതമെ
ന്നകമേകരുതുക നാരായണ ജയ! (നാരായണ)

കനകം മൂലം കാമിനിമൂലം
കലഹം കൂടം മർത്ത്യനുപാരിൽ
കലികാലത്തൊരു മുക്തി ലഭിപ്പാൻ
കഴലിണ കൂപ്പുക നാരായണ ജയ! (നാരായണ)

കല്യാണാകൃതിയുള്ളവരം ബത
ഉല്ലാസാന്വിതരായവരും തഥ
മെല്ലെ മരണം വന്നു വിളിച്ചാൽ
എല്ലാം വെടിയും നാരായണ ജയ! (നാരായണ)

ഒന്നുംകൊണ്ടുകടക്കാനെളുതാം
സന്താപങ്ങളും മില്ലൊരുനിമിഷം
പൊന്നും പണവും പദവിയുമെല്ലാം
ഒന്നായ് വെടിയും നാരായണ ജയ! (നാരായണ)

കാലം കളയാതെല്ലാജനവും
കലികാലത്തിൻ ദോഷമകറ്റാൻ
കരുണാകരനാം ഗുരുവിൻ പാവന
ചരിതം പാടുക നാരായണ ജയ! (നാരായണ)

വന്നൂയമഭടർ നിന്നെ വിളിച്ചാൽ
പിന്നത്തേയ്ക്കൊരു പോംവഴിയില്ല
മന്നിൽ ചെയ്തൊരു കർമ്മശേഷം
അന്നേതീരൂ നാരായണ ജയ! (നാരായണ)

സ്വർഗം നരകവുമെല്ലാം നമ്മുടെ
മാർഗം പോലെ ലഭിച്ചേ തീരൂ
സൽഗതികിട്ടാൻ വേണ്ടി ജപിക്കുക
സൽഗുരു നാമം നാരായണ ജയ! (നാരായണ)

ദേഹം നശ്വരമാണിഹഃ നമ്മുടെ
ഗേഹം സ്വന്തവുമല്ലെന്നോർക്കുക
മോഹം ഇവിടെയുപേക്ഷിച്ചീശ്വര-
ഗേഹം പൂകുക നാരായണ ജയ! (നാരായണ)

ഒരുവനുമില്ലിവിടവകാശങ്ങൾ
പരകോടികളിൽ നാമൊരു ബിന്ദു
നര ജന്മാർജ്ജിത മുക്തി ലഭിക്കാൻ
പരിചിൽ പാടുക നാരായണ ജയ! (നാരായണ)

Sukhadhukhangal Kalarnnoru Jeevitha-
Mihasamsaramathennothunnu
Sukhavum Dhukhavumeeswarahithame-
Nnakamekaruthuka Narayana Jaya! (Narayana)

Kanakam Moolam Kaminimoolam
Kalaham Koodum Marthyanuparil
Kalikalathoru Mukthi Labhippan
Kazhalina Kooppuka Narayana Jaya! (Narayana)

KalyanakruthiyullavarumBatha
Ullasanvitharayavarum Thatha
Melle Maranam Vannu Vilichaal
Ellam Vediyum Narayana Jaya! (Narayana)

Onnumkondukadakkanelutham
Santhapangalum Millorunimisham
Ponnum Panavum Padhaviyumellam.
Onnai Vedium Narayana Jaya! (Narayana)

Kalam Kalayathellajanavum
Kalikalthin Dhoshamakattan
Karunakaranam Guruvin Pavana-
Charitham Paduka Narayana Jaya! (Narayana)

Vannooyamabhadar Ninne Vilichaal
Pinnatheykkoru Pomvazhiyilla
Mannil Cheithoru Karimmasesham
Annetheeru Narayana Jaya! (Narayana)

Swargam Narakavumellam Nammude
Margam Pole Labhiche Theeroo
Salgathikittan Vendi Japikkuka
Salguru Namam Narayana Jaya! (Narayana)

Dheham Naswaramaniha: Nammude
Geham Swanthavumallennorkkuka
Moham Evideyupekshicheeswara-
Geham Pookuka Narayana Jaya! (Narayana)

Oruvanumillividavakasangal
Parakodikalil Naamoru Bindhu
Nara Janmarjjitha Mukthi Labhikkan
Parichil Paduka Narayana Jaya! (Narayana)

നാവിലുദിക്കും നാമാക്ഷരി യി
നാരായണ ജപമായി ഭജിക്കും
നരനൊരുമാർഗം വേറിട്ടെന്തിനു
പരനിൽ ലയിക്കാൻ നാരായണ ജയ! (നാരായണ)

പരമാണുവിലും പൊരുളായ് മിന്നും
പരമേശ്വര! നിൻപാദം ചേരും
സവിതാത്മാവിന്നേകണമെ നിൻ
സായുജ്യം! ജയ നാരായണ ജയ! (നാരായണ)

8

സർവ്വ ജഗദ്ഗുരു നാരായണൻ
സത്ചിന്മയൻ പരൻ ദേവദേവൻ
സംസാരബന്ധം വെടിയുമീ ദേഹിക്ക്
സായൂജ്യമേകാൻ കനിഞ്ഞീടേണം

പ്രാർത്ഥിച്ചിടുന്നിതാ ഞങ്ങൾ നിന്റെ
പാദപാംസുക്കൾ ശിരസിലേറ്റി
പാദത്തിലെത്തുമീ പാപിയാം ജീവന്
പാപമോക്ഷം ഭവാൻ നൽകിടേണം

ചടുലവികാര്തതിമിർപ്പിൽ നമ്മൾ
കടിലതയെന്തെല്ലാം കാട്ടിടുന്നു
ഉടയോനെഉള്ളിൽ മറന്നു നാമെങ്കിലും
ഒടുവിലാ സന്നിധി പൂകിടുന്നു

അടവിയിൽ പോയി വസിച്ചു നമ്മൾ
കൊടിയ തപസുകൾ ചെയ്തിടേണ്ട
അകതാരിലെപ്പൊഴും മികവോടെ വാഴുന്ന
അഖിലേശനാമം സ്തുതിച്ചിടുവാൻ

പാരിൽ പിറപ്പെടുത്തന്നുതൊട്ട്-
ദൂരം ഗണിക്കുവാനാവതില്ല-
ഓരോ ചുവടുകൾ വെച്ചുനാമെത്തുന്നു
നേരെ ചടുലപ്പറമ്പുതേടി

മണ്ണിൻ വിഭവം സമാഹരിച്ചീ-
വണ്ണം വളർത്തിയ ദേഹമിന്നു
മണ്ണിന്നുതന്നെ തിരികെ സമർപ്പിച്ചു
വിണ്ണവർ ലോകം ഗമിച്ചിടുന്നു

Navilidhikkum Namakshari Yee
Narayana Japamai Bhajikkum
Naranorumarggam Verittenthinu
Paranil Layikkan Narayana Jaya! (Narayana)

Paramanuvilum Porulai Minnum
Parameswara! Ninpadham Cherum
Savithathmavinnekaname Nin
Sayoojyam! Jaya Narayana Jaya! (Narayana)

8

SarwaJagathguru Narayanan
Sathchinmayan Paran Devadevan
Samsarabandham Vediumee Dehikku
Sayoojyamekan Kaninjidenam

Prarthichidunnitha Njangal Ninte
Pathapamsukkal Sirasiletti
Pathathilethumee Papiyam Jeevane
Papamoksham Bhavan Nalkeedenam

Chadulavikarathimirppil Nammal
Kudilathayenthellam Kattidunnu
Udayone Ullil Marannu Namenkilum
Oduvila Sannidhi Pookidunnu

Adaviyil Poyi Vasichu Nammal
Kodiya Thapassukal Cheithidenda
Akatharileppozhum Mikavode Vazhunna
Akhilesanamam Sthuthicheeduvan

Paaril Pirappeduthannuthottu-
Dhooram Ganikkuvanavathilla-
Ooro Chuvadukal Vechunamethunnu
Nere Chudalapparambuthedi

Mannin Vibhavam Samaharichee-
Vannam Valarthiya Dhehaminnu
Manninnuthanne Thirike Samarppichu
Vinnavar Lokam Gamicheedunnu

ജീവിതഭാരച്ചുമടുമായി
ഈവഴി നമ്മൾ നടന്നിടുമ്പോൾ
കാവലായ് നിൽക്കുന്ന കർമ്മൈകസാക്ഷിയി-
ജീവിതാന്ത്യത്തിലും കാത്തിടേണം

അന്ധവിശ്വാസങ്ങൾ പേറിമന്നിൽ
അന്ധരായ് നമ്മൾ നടന്ന നാളിൽ
ബന്ധുര ദീപമായ് വന്ന ഗുരുവരൻ
സന്തതം സായൂജ്യമേകിടേണം

പരകോടി ജന്മമെടുത്തു ജീവൻ
നരജന്മരൂപമായ് വന്നിതല്ലോ
പരമേശപാദത്തിൽ പരിചൊടു ചേരുവാൻ
ധരണിയിലെത്രനാൾ കാത്തുനിന്നു.

അകമെ വിലസും പരം പൊരുളെ
അവികലശാന്തിതൻ സാഫല്യമേ
അണുവിന്റെയുള്ളിലും സ്ഫുരണമായ് മിന്നുന്ന
അനർഘ ചൈതന്യമെ മുക്തിയേക

ദുഃഖം നിറഞ്ഞൊരു ഭൂതലത്തിൽ
സ്വപ്നങ്ങളെത്രയോ നെയ്തുകൂട്ടി
ഒക്കെ സമർപ്പിച്ചു കല്പിച്ചമാത്രയിൽ
തൃക്കഴൽ ചേരുവാൻ പോയിടുന്നു

കണ്ണീരൊഴുക്കുന്നതെന്തിനു നാം
എണ്ണിടുകാർക്കമിതല്ലൊ ഗതി
മണ്ണോടുമണ്ണായ് മറയുമൊരുപിടി
വെണ്ണീറുമാത്രമാകുന്നു ദേഹം

നെഞ്ചകം പൊട്ടിക്കരയുവോരെ
മഞ്ജുളരൂപനെ വാഴ്ത്തീടുവിൻ
സഞ്ചരിച്ചിടുന്ന ജന്മജന്മാന്തര-
സഞ്ചയ കർമ്മരാണീയുലകം

തീരം നിറഞ്ഞൊഴുകുന്ന ചോല
വാരിധി തന്നിൽ ലയിച്ചിടും പോൽ
കാരണപുരുഷപാദപത്മങ്ങളിൽ
ചേരുന്നൊടുവിലീജീവിയെല്ലാം

പാരിൽ സുകൃതികളായവരെ
പാരം വെടിയില്ല ചിൽപുരുഷൻ
പാദപങ്കേരുഹം പ്രാപിക്കും ജീവന്
പാവനസായൂജ്യമേകീടുന്നു

Jeevithabharachumadumai
Eevazhikal Nammai Nadanneedumbol
Kavalai Nilkkunna Karmmaikasakshiyee-
Jeevithanthyathilum Katheedenam

Andhaviswasangal Perimannil
Andarai Nammal Nadanna Nalil
Bandhura Deepama'i Vanna Guruvaran
Santhatham Sayoojyamekidenam

Parakodi Janmameduthu Jeevan
Narajanmaroopamai Vannithallo
Paramesapathathil Parichodu Cheruvan
Dharaniyilethranal Kathuninnu

Akame Vilasum Param Porule
Avikalasanthithan Saphalyame
Anuvinteyullilum Sphuranamai Minnunna
Anarkha Chaithanyame Mukthiyeka

Dhukham Niranjoru Bhoothalathil
Swapnangalethrayo Neithukootti
Okke Samarppichu Kalpichamathrayil
Thrikkazhal Cheruvan Poyidunnu

Kanneerozhukkunnathenthinu Naam
Ennidukarkkumithallo Gathi
Mannodumannai Marayumorupidi
Venneerumathramakunnu Dheham

Nenchakam Pottikkarayuvore
Manjularoopane Vazhtheeduvin
Sancharicheedunna Janmajanmanthara-
Sanchaya Karmmamaneeyulakam

Theeram Niranjozhukunna Chola
Varidhi Thannil Layicheedumpol
Karanapurushapadhapathmangalil
Cherunnoduvileejeeviyellam

Paaril Sukruthikalayavare
Paaram Vediyilla Chilpurshan
Padhapankeruham Prapikkum Jeevane
Pavansaayoojyamekidunnu

നീലവിഹായസ്സും ഭൂതലവും
പാലിച്ചുപോറ്റുന്ന തമ്പുരാനെ
ലീലകൾ - താവകമായകളെന്നാലും
ആലസ്യമോടിതാ കേണിടുന്നു

സർവ്വാർത്ഥസാധകാ സർവ്വശക്താ
സർവ്വേശ്വരാ സകലാശ്രയമെ
സംപ്രാപ്യമാകുമീ ദേഹിക്കനാകുലം
സർവ്വസായൂജ്യവുമേകണമെ

സ്വർഗീയ ചൈതന്യസായൂജ്യമീ-
സ്വർഗാനുഗാമിക്കു നൽകീടുവാൻ
സ്വസ്തിഃ നിനക്കിതാസ്വസ്തിഃപാടുന്നു ഞാൻ
സ്വർഗീയമോക്ഷമേകിടുദേവ

9

## മോക്ഷപ്രാർത്ഥന

ദൈവമെ സച്ചിതാനന്ദ രൂപനെ
കൈവണങ്ങുന്നു ഞങ്ങൾ കൃപാനിധെ
പാപശാന്തിയരുളിയീ ജീവനു
പാദസായൂജ്യമേകണം ദൈവമെ

ആദിമദ്ധ്യാന്തമില്ലാത്ത നിന്നുടെ
പാദതാരിൽ നമിക്കുന്ന ഞങ്ങളും
വേദസാരമറിയാത്തിവനു നീ
വേദമോചനം നൽകണം ദൈവമെ

വിണ്ണിവർതൊഴും നിന്നുടെ ദൈവിക
പുണ്യദർശനസിദ്ധിലഭിക്കുവാൻ
സാദ്ധ്യമാകണെ നിന്റെയീ ദാസന്
സർവ്വസായൂജ്യം നൽകണം ദൈവമെ

നിന്റെയിച്ഛാവിധേയരായ് ജീവൻമാർ
മുന്നിലെന്നും ജനിമൃതിതേടുന്നു
നീയൊഴിഞ്ഞില്ലാശ്രയം ജീവന്
ശാശ്വതമായ സായൂജ്യമേകുവാൻ

മുഢതകൊണ്ടൊരുപാടു തെറ്റുകൾ
രൂഢമോദേന ചെയ്തു പലവിധം
പീഡയെല്ലാമകറ്റിയിവനു നീ
ഗൂഢമോദസായൂജ്യമേകണമെ

Neelavihayussum Bhoothalavum
Paalichupottunna Thamburane
Leelakal-Thavakamayakalennalum
Aalasyamoditha Kenidunnu

Sarvarthasadhaka Sarvasaktha
Sarveswara Sakalasrayame
Saraprapyamakumee Dhehikkanakulam
Sarwasayoojyavumekaname

Swargeeya Chaithanyasayoojyamee-
Swarganugamikku Nalkeeduvan
Swasthi:NinakkithaSwasthi:padunnuNjan
Swargeeyamokshamekeedu Deva

9

## MOKSHAPRARTHANA

Dhaivame Sachithanantha Roopane
Kaivanangidunnu Njangal Krupanidhe
Papasanthiyaruleeya Jeevanu
Pathasayoojyamekanam Dhaivame

Aadhimadhyanthamillatha Ninnude
Padhatharil Namikkunnu Njangalum
Vedhasaramariyathivanu Nee
Vedhamochanam Nalkanam Dhaivame

Vinnavarthozhum Ninnude Dhaiveeka
Punyadharsanasidhilabhikkuvan
Sadhyamakane Ninteyee Dhasane
Sarwasayoojyam Nalkanam Dhaivame

Ninteyichavidheyarai Jeevanmar
Mannilennum Janimruthithedunnu
Neeyozhinjillashrayam Jeevane
Saswathamaya Saayoojyamekuvan

Moodathakondorupadu Thettukal
Roodamodhena Cheithu Palavidham
Peedayellamakattiyivanu Nee
Goodamodhasayoojyamekaname

സർവദു:ഖം തീർത്തു രക്ഷിക്കുന്ന
സർവ രക്ഷകാവേദവേദത്മ്യക
സർവവും സമർപ്പിച്ചുവരുന്നൊരീ
സാധുവിനു നീ സായൂജ്യമേകണം

അപ്രമേയ പ്രഭാവ ചിതാനന്ദ
ഇപ്രപഞ്ചത്തിനാധാര ദൂതനെ
ചിത്രഗുപ്ത സമേതനായെത്തുമീ
ഭക്തനു നിത്യ സായൂജ്യമേകണം

അന്തരായം വരാതെന്നുമീശ്വരാ
നിന്തിരുനാമ കീർത്തനം പാടുന്നു
ബന്ധുരാനന്ദനെ പരേതാവിനു
ബന്ധമോക്ഷം കൊടുക്കണം ദൈവമേ

കഷ്ടതയേറുമീലോക ജീവിത
വിട്ടുസന്നിധി പൂകുമാത്മാവിനു
വിഷ്ടവേശ്വരാ നിൻ കനിവുണ്ടായി
തുഷ്ടിയോടിന്നു സായൂജ്യമേകണം

താപമെല്ലാമകറ്റുന്ന ദൈവമെ
പാപശാന്തി നൽകീടുന്ന ദൈവമെ
പാപിയാം പരേതാന്മാവിന്നു നീ
പാപമോക്ഷമരുളണം ദൈവമെ

കുമ്പിടുന്നിതാ നിൻപാദപങ്കജം
അമ്പിയിലുന്ന സർവ്വശക്താവിഭോ
ഇമ്പമെല്ലാമകറ്റിയീ ജീവന്
ഇമ്പമോടെ നീ സായൂജ്യമേകണെ

മർത്ത്യജന്മമെടുക്കുന്ന ജീവന്
പാർത്തലെ മറ്റില്ലാശ്രയ മീശ്വരാ
സിദ്ധിയും ബന്ധമോക്ഷവും കൈവരും
നിന്റെ നാമജപം കൊണ്ടു ദൈവമേ

ഇന്നിതാ ഞങ്ങളൊന്നായ് ഭജിക്കുന്നു
മണ്ണിനോടു വിടപറയുന്നൊരു
വന്ദ്യനാകമീദേഹിക്കനാകുലം
നിന്നനുപമ സായൂജ്യമേകണെ

ശിഷ്ടപാലനതല്പര ശാശ്വത-
തുഷ്ടിദായക ദൈവമേ കൈതൊഴാം
നഷ്ടമാകാതെ നിന്റെ പാദങ്ങളിൽ
ശിഷ്ടജീവനെ ചേർത്തുകൊള്ളേണമെ

Sarvadhukhavum Theerthu Rakshikkunna
Sarva Rakshakavedhavedhathmyaka
Sarvavum Samarppichuvarunnoree
Sadhuvinu Nee Sayoojyamekane

Aprameya Prabhava Chithanantha
Eprapanjathinadhara Dhoothane
Chithraguptha Samethanayethumee
Bhakthanu Nithya Sayoojyamekanam

Antharayam Varathennumeeswara
Ninthirunama Keerthanam Padunnu
Banthurananthane Parethavinu
Banthamoksham Kodukkanam Dhaivame

Kashtathayerumee Loka Jeevitham
Vittusannidhi Pookumathmavinu
Vishtaveswara Nin Kanivundayee
Thushtiyodinnu Sayoojyamekanam

Thapamellamakattunna Dhaivame
Papasanthi Nalkeedunna Dhaivame
Papiyam Parethathmavinnu Nee
Papamokshamarulanam Dhaivame

Kumbidunnitha Ninpathapankajam
Ambiyilunna Sarwasakthavibho
Embamellamakattiyee Jeevane
Embamode Nee Sayoojyamekane

Marthyajanmamedukkunna Jeevane
Parthale Mattillashraya Meeswara
Siddhiyum Bandhamokshavum Kaivarum
Ninte Namajapamkondu Dhaivame

Innitha Njangalonnai Bhajikkunnu
Manninodu Vidaparayunnoru
Vandhyanakumeedhehikkanakulam
Ninnupama Sayoojyamekane

Sishtapalanthalpara Saswatha-
Thushtidhayaka Dhaivame Kaithozham
Nashtamakathe Ninte Padhangalil
Sishtajeevane Cherthukollename

പുണ്യപാപഫലമേന്തി
ജീവനെങ്ങോ പിറക്കും
തിണ്ണമതിൽ ഫലം പുനർ-
ജന്മമതിൽ ലഭിക്കും

സർവശക്തനായ ദൈവം
പുണ്യവും പാപങ്ങളും
വേർതിരിച്ചു ഫലങ്ങളിൽ
സൃഷ്ടി ചെയ്തീടുന്നഹോ

മായയാലീ മാനവന്മാര-
ന്ധരായിത്തീർന്നുപോയി
ആയതിന്നു മരുന്നല്ലൊ
വിദ്യയെന്നൊരൗഷധം

ജ്ഞാനമില്ലായ്കയാലേറും
മോഹമാണു മായയും
ജ്ഞാനദീപമുള്ളിൽ വച്ചി-
യന്ധകാരം നീക്കണം

10

ദൈവമേ ഞങ്ങൾ നിൻപാദം
കൈവണങ്ങുന്നു നിത്യവും
കേവലം നീ ശുഭം ചേർക്ക
പരേതാന്മാവിനെപ്പോഴും

അറിയുന്നില്ലഹോ ഞങ്ങൾ
അജ്ഞന്മാരാകയാൽ വിഭോ
ദൈവമെ നന്മ ചേർക്കണം
പരേതാന്മാവിനെപ്പൊഴും

സർവ്വപാപങ്ങളും നീക്കി
സർവ്വശക്തി വരുത്തണം
സർവലോകൈകനാഥാ നീ
പരേതാന്മാവിനെപ്പോഴും

പുണ്യപാപങ്ങളെണ്ണിയെണ്ണി
ജന്മ ദു:ഖാദിയെന്നിയെ
സന്തതം രക്ഷചെയ്യണം
പരേതാത്മാവിനെപ്പൊഴും

താപത്രയങ്ങളും മായ-
ബന്ധു ദു:ഖങ്ങളൊക്കെയും
നീക്കിമോക്ഷമണക്കേണം
പരേതാത്മാവിനെപ്പോഴും

Punyapapabhalamenthi
Jeevanengo Pirakkum
Thinnamithil Bhalam Punar-
Janmamathil Labhikkum

Sarwasakthanaya Dhaivam
Punyavum Papangalum.
Verthirichu Bhalangalil
Srishti Cheithidunnaho

Mayayalee Manvanmar
Andharai Theernnupoyee
Aayathinnu Marunnallo
Vidhyayennoraushadham

Njanamillaykayalerum
Mohamanu Mayayum
Njanadeepamullil Vachee-
Yandhakaram Neekkanam

**10**

Dhaivame Njangal Ninpadham
Kaivanangunnu Nithyavum
Kevalam Nee Subham Cherkka
Parethathmavineppozhum

Ariyunnilla Ho Njangal
Agnjanmarakayal Vibho
Dhaivame Nanma Cherkkenam
Parethathmavineppozhum

Sarwapapangalum Neekki
Sarwasakthi Varuthenam
SarWalokaikanadha Nee
Parethathmavineppozhum

Punyapapangalenniyenni
Janma Dhukhathiyenniye
Santhatham Rakshacheyyanam
Parethathmavineppozhum

Thapathrayangalum Maya-
Bandhu Dhukhangalokkeyum
Neekkimokshamanakkenam
Parethathmavineppozhum

11

സർവേശ്വരായെന്റെ പ്രാർത്ഥനകേൾക്കണം
സർവ്വദോഷങ്ങളും നീക്കുമാറാകണം
ഉർവിയിലങ്ങല്ലാതില്ലാരും ദൈവമേ
നിർവികാരാ! ഗുരോ നിൻനാമ സൂക്തങ്ങൾ

സർവ്വദായെന്നുള്ളിൽ തോന്നുമാറാകണം
വിജ്ഞാനഭാസ്കര നിന്നൊളിയിങ്കലെന്റെ
അജ്ഞാനമാകവേ നീക്കണം ദൈവമെ
മിന്നുന്ന ദീപമേ സൽഗുരോ ദൈവമെ

നിന്നെ ഞാനെന്നുമെ കാണുമാറാകണേ
ആപത്തെല്ലാം മാറ്റി ക്ഷേമം പുലർത്തുവാൻ
പാപവിനാശന നിൻപാദം കുമ്പിടാം
ഭക്തിയായ് ധ്യാനിപ്പാൻ ലോകഗുരോ വിഭോ
മുക്തി പ്രദായന നിത്യം തുണയ്ക്കണേ

12

സർവ്വരക്ഷകാ ദൈവമെ പാഹിമാം
സർവ്വരക്ഷകാ ദൈവമെ പാഹിമാം
സർവ്വ രക്ഷകാ ഇന്നീയാത്മാവിനു
സർവ്വദാമോക്ഷമേകണം ദൈവമെ

കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നു ദൈവമേ
കണ്ടിടാത്തൊരീയിന്നീയാത്മാവിനു
ഇണ്ടൽ തീർത്തങ്ങു മോക്ഷം കൊടുക്കണേ

കാലമാകും മഹിതന്റെ വക്രത്തിൽ
കാലഭേദം നിനയ്ക്കാതെ വന്നുപോയി
കാലദോഷങ്ങളെ തീർത്തീയാത്മാവിനു
ചാലവേമോക്ഷമേകേണം ദൈവമേ

കിട്ടിയെങ്കിലും ജന്മത്തിൽ സാഫല്യം
കിട്ടിടാതെ പോയ് കർമ്മഭേദത്തിനായ്
കഷ്ടത നീക്കി ഇന്നീയാത്മാവിനു
ശ്രേഷ്ടമാം മോക്ഷമേകണം ദൈവമേ

കീർത്തിയും ധനധന്യഭിസർവവും
ഓർത്തു പാപങ്ങൾ ചെയ്തവയൊക്കെയും
തീർത്തു കാരുണ്യാൽ ഇന്നീയാത്മാവിനു
തീർത്തും മോക്ഷത്തെയേകണേ ദൈവമേ

11

Sarveswarayente Prarthana Kelkkenam
SarwadhoshangalumNeekkumarekanam
Urviyilangallathillarum Dhaivame
Nirvikara! Guro Ninnama Sookthangal

Sarvadhayennullil Thonnumarakenam
Vignana Bhaskara Ninnoliyinkalen
Agnanamakave Neekkanam Dhaivame
Minnunna Deepame Salguro Dhaivame

Ninne Njanennume Kanumarakane
Aapathellam Matti Kshemam Pularthuvan
Papavinasana Ninpadham Kumbidam
Bhakthiyai Dhyanippan Lokaguro Vibho
Mukthi Pradhayana Nithyam Thunaykkane

12

Sarvarakshaka Dhaivame Pahimam
Sarvarakshaka Dhaivame Pahimam
Sarvarakshaka Inneeyathmavinu
Sarvadhamokshamekanam Dhaivame

Kandukandangirukkum Janangale
Kandillennu Varuthunnu Dhaivame
Kandidathoreeyinneeyathmavinu
Indal Theerthangu Moksham Kodukkane

Kalamakum Mahithante Vakrathil
Kalabhetham Ninaikkathe Vannupoi
KaladhoshangaleTheertheeyathmavinu
Chalavemokshamekanam Dhaivame

Kittiyillenkilum Janmathil Saphalyam
Kittidathe Poi Karmmabhethathinai
Kashtatha Neekki Inneeyathmavinu
Shreshtamam Mokshameknam Dhaivame

KeerthiyumDhanadhanyabhisarwavum
Oorthu Papangal Cheythavarokkeyum
Theerthu Karunyal Inneeyathmavinu
Theerthum Mokshatheyekane Dhaivame

കുമ്പിടുന്ന നിൻപാദത്തിൽ ഞങ്ങളും
തമ്പുരാനെ കനിഞ്ഞരുളേണമേ
അൻപു പൂണ്ടു നീ ഇന്നീയാത്മാവിനു
സംഭ്രതിമോക്ഷമേകണം ദൈവമേ

കൂടെക്കൂടെയെന്നർത്ഥമേറ്റീടുന്ന
കൂടെ കർമ്മങ്ങൾ ചെയ്തവയൊക്കെയും
കൂട്ടമായ് കനിഞ്ഞിനീയാത്മാവിനു
കൂട്ടമോക്ഷത്തെയേകണം ദൈവമേ

കെല്പെഴും മായാവൈഭവാലീശ്വരാ
അല്പം നന്മയും ചെയ്തില്ലീ ജന്മത്തിൽ
ചിൽപുരുഷാ കനിഞ്ഞീയാത്മാവിനു
സ്വൽപമായ് മോക്ഷമേകണം ദേവമേ

കേവലം ഭക്തിവിശ്വാസമില്ലാതെ
ഭാവനാശാൽ കാലം കഴിച്ചുപോയ്
ആവിർമോദത്തോടിന്നീയാത്മാവിന്
ദേവാ നീ മോക്ഷമേകണം ദൈവമേ

കൈവരേണ്ട മനു ജന്മമേറ്റിടും
കൈവരിച്ചീല ധർമ്മപ്രകാരങ്ങൾ
കൈവല്യാത്മകാ ഇന്നീയാത്മാവിനു
കൈവരുത്തണേ മോക്ഷമേകണം ദൈമേ

ക്രോധലോഭ മോഹാദികളാൽ ചിരം
പാതകങ്ങളറിയാതെ ചെയ്കയാൽ
ആദിയാർന്നവയൊക്കെയോഴിച്ചുമേൽ
നീതിയാം മോക്ഷമേകണം ദൈവമേ

കൗശലത്തിൽ കുടുങ്ങി ഋണങ്ങളിൽ
ലേശമൊട്ടുമേ തീർത്തീലയെങ്കിലും
ശാശ്വതമായനുഗ്രഹമിച്ചിന്നു നീ
ഈശ്വരാമോക്ഷമേകണം ദൈവമേ

കണ്ടതില്ല നിൻ മാഹാത്മ്യമാരുമേ
കണ്ടതില്ല നിൻ രൂപവുമെങ്ങുമേ
കണ്ടിടാത്തതിൽ വൈഭവശക്തിയാൽ
ഇണ്ടൽ തീർത്തങ്ങു മോക്ഷത്തെയേകണേ

ദുഷ്ടകർമ്മങ്ങൾ ചെയ്തവയൊക്കെയും
വിഷ്ടപേശാ ക്ഷമിച്ചരുളേണമേ
ശിഷ്ടപാലകാ ഇന്നീയാത്മാവിനു
ശിഷ്ടമാം മോക്ഷമേകണേ ദൈവമേ

Kumbidunnu Ninpathathil Njangalum
Thamburane Kaninjarulename
Anpu Poonda Nee Inneeyathmavinu
Sambhrathimokshameknam Dhaivame

Koodekkoodeyennarthametteedunna
Koode Karmmangal Chaithavarokkeyum
Koottamai Kaninjeeyathmavinu
Koottamokshatheyekanam Dhaivame

Kelpozhum Mayavaibhavaleeswara
Alpam Nanmayum Chaythillee Janmathil
Chilpurusha Kaninjeeyathmavinu
Swalpamai Mokshamekanam Dhaivame

Kevalam Bhakthiviswasamillathe
Bhavanavasaal Kalam Kazhichupoi.
Aavirmodhathodinneeyathmavine
Deva Nee Mokshamekanam Dhaivame

Kaivarenda Manujanmametteedum
Kaivaricheela Dharmmaprakarangal
Kaivalyathmaka Inneeyathmavinu
Kaivaruthane Mokshamekanam Dhaivame

Krodhalobha Mohadhikalal chiram
Pathakangalariyathe Cheikayal
Aadhiyarnnavayokkeyozhichumel
Neethiyam Mokshamekanam Dhaivame

Kausalathil Kudungi Rinangalil
LesamottumeTheertheelayenkilum
Saswathamayanugrahichinnu Nee
Eeswaraamokshamekanam Dhaivame

Kandathila Nin Mahathmyamarume
Kandathilla Nin Roopavumengume
Kandidathathil Vaibhavasakthiyal
Indal Theerthangu Mokshatheyekane

Dhushkarmmangal Chaithavarokkeyum
Vishtapesa KshamicharuJename
Sishtapalaka Inneeyathmavinu
Sishtamam Mokshamekane Dhaivame

13

## സായൂജ്യപ്രാർത്ഥന

**ഓം.** അല്ലയൊ കരുണാവത്സലനായ ദൈവമേ
സർവ്വജ്ഞനും സർവ്വാധാരുമായ ദൈവമെ
സൃഷ്ടിസ്ഥിതി സംഹാരകാരകനായിരിക്കുന്നപര-
മേശ്വരാ സർവ്വജീവ പ്രപഞ്ചത്തിൽ തിങ്ങിവിളങ്ങു
ദൈവമേ എല്ലാം അറിയുന്ന കാരുണ്യ മൂർത്തിയായ
ഭഗവാനെസകല ജീവജാലങ്ങളുടെയും പിതാവേ
ഞങ്ങൾക്കു മനുഷ്യജന്മം നിൽകിയോനെഈ സംസാര
സാഗരത്തിൽപെട്ട് വിഷയ സുഖത്തിൽ അറിഞ്ഞും
അറിയാതെയും ചെയ്തുപോയ പിഴകളെ കാരുണ്യ
മൂർത്തിയായ ദൈവമെ നീ ക്ഷമിക്കണമേ

ഞങ്ങളിൽ നിന്നു വേർപിരിഞ്ഞുപോയ
ഞങ്ങളുടെ സഹോദരജീവിയെ ഘോരനരകാബ്ധിയിൽ
വീണുഴലാതെ അങ്ങു കാത്തുകൊള്ളേണമെ,
അങ്ങയുടെ സത്യപാദത്തിൽക്കൂടി സഞ്ചരിച്ചും
മായാലോകത്തിൽ
പെട്ട് നട്ടംതിരിയാതെയും അങ്ങു കാത്തുകൊള്ളണമെ
ഈ പരേത ജീവാത്മാവിനു അനുഗ്രഹം ചെറിയ
നിത്യശാന്തി നൽകേണമെ, കരുണയുള്ള ജഗദീശ്വര
അതിനായി ഞങ്ങളുടെ ഹൃദയകമലങ്ങളെ
അങ്ങയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു.

14

ദൈവമേ! സച്ചിദാനന്ദാ! ദൈവമേ ഭക്തവത്സലാ
ദൈവമേ നിന്റെ സായൂജ്യം പരേതാത്മാവിലേകണേ

ഓരുന്നില്ലൊന്നു മീ ഞങ്ങൾ പോയാൽക്കുള്ള ഗതാഗതം
എല്ലാം നിന്നിൽ സമർപ്പിപ്പൂ കാത്തുകൊള്ളുക
ദൈവമേ

പാപമോചനമുണ്ടാവാൻ പുണ്യവൃദ്ധി ഭവിക്കുവാൻ
ദൈവമേ നിന്റെ കാരുണ്യം പരേതാത്മാവിനേകണേ

നീയയ്ക്കുന്നു നിർത്തുന്നു നീ വിളിക്കുന്നു ദേഹിയേ
നിന്റെയിച്ഛയ്ക്കു കീഴ്പെട്ടു ഞങ്ങൾ വാഴുന്നു
ദൈവമേ

നിന്റെ നാമം മഹാമന്ത്രം നിന്റെ ധ്യാനം മഹാക്രിയാ
നീ താൻ പുരോഹിതൻദേവ സർവകർമ്മൈക
സാക്ഷിനീ

13

## SAYOOJYAPRARTHANA

**Ohm** Allayo Karunavathsalanaya Dhaivame
Sarwagnanu Sarwadharanumaya Dhaivame
Srushti Sthithi Samharakaraknayirikkunna para-
meswara Sarwajeeva Prapanchathil Thingivilangu
Dhaivame Ellam Ariunna Karunyamoorthiyaya
Bhagavane Sakala JeevajaJangaJudeyum Pithave

Njangalkku Manushya Janmam Nalkiyone Eee
Samsara
Sagarathilpettu Vishaya Sukhathil Arinjum
Ariyatheyum Cheythupoya Pizhakale Karunya
Moorthiyaya Dhaivame Nee Kshamikkaname

Njangalil Ninnu Verpirinjupoya
Njangalude Sahodharjeeviye Khoranarakabdhi
Veenuzhalathe Angu Kathukollename
Angayude Sathyapathathilkoodisancharichum
Mayalokathil
Pettu Nattamthiriyatheyum Angu Kathukollane
Eee Paretha Jeevathmavinu Anugraham Cheriya
Nithyasanthi Nalkaname Karunayulla Jagadeeswara
Athinai Njangalude Hridhayakamalangale
Angayil Samaippichu Prarthikkunnu

14

Dhaivame! Sachithanantha! Dhaivame
Bhakthavathsala
Dhaivame Ninte Sayoojyam Parethathmavilekane

Oorunnillonnumee Njangal Poyalkkulla
Gathagatham
Ellam Ninnil Samarppippu Kathukolluka Dhaivame

Papamochanamundavan Punyavrudhy Bhavikkuvan
Dhaivame Ninte Karunyam Parethathmavilekane

Neeyaykkunnu Nirthunnu Nee Vilikkunnu Dhehiye
Ninteyichaykku Keezhpettu Njangal Vazhunnu
Dhaivame

Ninte Namam Mahamanthram Ninte Dhyanam
Mahakriya
Nee Than Purohithan Deva Sarvakarmaikasakshi
Nee

എല്ലാമൊടുക്കം വന്നൈക്യമടയും ശാന്തി ധാമമാം
ദൈവമേ നിന്റെ സായൂജ്യം പരേതാത്മാവിനേകണേ

ദൈവമേ! സച്ചിതാനന്ദാ! ദൈവമേ ഭക്തവത്സലാ
ദൈവമേ നിന്റെ സായൂജ്യം പരേതാത്മാവിലേകണേ
(സഹോദരൻ അയ്യപ്പൻ രചിച്ചത്)

Ellamodukkam Vannaikyamadayum Santhi Dhamamam
Dhaivame Ninte Sayoojyam Parethathmavilekane

Dhaivame! Sachithanantha! Dhaivame Bhakthavathsala
Dhaivame Ninte Sayoojyam Parethathmavilekane
(Sahodharan Ayyappan Rachichathu)

15

(സമയമാം രഥത്തിൽ എന്ന രീതി)

വരുവാനുള്ള സമയമായി യാത്രയ്ക്കുള്ള സമയം
ഗുരുദേവന്റെ കാലടി ശബ്ദം അകലെ വന്നു കേഴുന്നു (വരു...)

ഗുരുദേവൻ വന്നുവിളിക്കുമ്പോൾ ശബ്ദംകേട്ടു ഞാനുണരും
അരികിലുള്ള ജനങ്ങൾ നിങ്ങൾ സന്തോഷ മോടിരിപ്പാൻ (വരു...)

അനുഗ്രഹത്തോടവിടെയെത്താൻ പ്രാർത്ഥിക്ക് നിങ്ങളേവരും
യാത്രയ്ക്കായ് ഞാൻ പോകുംനേരത്ത് ഓർക്കുക നിങ്ങൾ ദേവനെ

ആത്മാവു തന്റെ ശ്വാസം നിൽക്കമ്പോൾ കാറ്റിതും കൂടെ പോയിട്ടും
ഓർക്കുക നിങ്ങളേവരും തന്നെ ഗുരുദേവന്റെ കാലടി (വരു...)

## 15
### (Samayamam Radhathil Enna Reethi)

Varuvanulla Samayamayi Yathraykkulla Samayam
Gurudevante Kaladisabdham Akale Vannu Kezhunnu (Varu..)

Gurudevan Vannu Vilikkumbol Sabdham Kettu Njanunarum
Arikilulla Janangal Ningal Santhoshamodiruppan (Varu..)

Anugrahathodavideyethan Prarthikka Ningalevarum
Yathrayay Njan Pokumnerath Oorkkuka Ningal Devane (Varu..)

Aathmavu Thante Swasam Nilkkumbol Kattithumkoode Poyittum
Oorkkuka Ningalevarum Thanne Gurudevante Kaaladi (Varu..)

16

## ഞങ്ങൾക്കു സമാധാനം

ഞങ്ങൾക്കു സമാധാനം നൽകണേ ഭഗവാനേ
സർവ്വത്ര വസിച്ചീടും സർവേശ ദായനിധേ

മായാ സമ്മിശ്രമാകമീലോകേ ജനിച്ചു ഞാൻ
പാരമായ് കത്തിക്കാളും ദുഃഖബാബ്ധിക്കടിപ്പെട്ടു
കത്തിക്കാളുമീ ദുഃഖഹ്നിയൊട്ടറ്റീടാൻ
എമ്മനം തന്നിൽ നിത്യം വാഴണേ കാരുണ്യാബ്ധേ

വെള്ളത്തിൽ കുമിളപോലെയനിത്യമെന്നവസ്ഥ
നിത്യമനിർമ്മലാ ഭവൽകാരുണ്യമാരറിവൂ
ഉന്നതാ സകലേശ നീയല്ലാതെനിക്കിപ്പോൾ
ഖിന്നതയകറ്റുവാൻ മറ്റാരും വരാഭൂമൗ

## 16
## NJANGALKKUSAMADHANAM

Njangalkku Samadhanam Nalkane Bhagavane
Sarvathra Vasicheedum Sarvesa Dhayanidhe

Maya Sammisramakumeeloke Janichu Njan
Parayay Kathikkalum Dhukhabdhikkadippettu
KathikkalumieeDhukhavahniyottatteedanai
Enmanam Thannilnithyam Vazhane Karunyabdhe

Vellathil Kumilapoleyanithyamennavastha
NithyanirmalaaBhavalkarunyamararivoo
Unnatha Sakalesa Neeyallathenikkippol
Khinnathayakattuvan Mattarum Varabhoomau

സത്യധർമ്മാദിസർവഗുണങ്ങൾക്കൊത്തു നിത്യം
വാഴുവാൻ ജഗദീശാ നീപരാതുണയ്ക്കണേ
മാമക ജീവിതമാം കല്പദ്രൂമഹാശക്ത്യാ
തളിർത്തു പൂത്തുവാഴ്വാൻ നീകനിയണമീശാ

ഈ ഞാനുമെനിക്കുള്ള സർവവും ഭവാനല്ലോ?
മായയാമീലോകവും നിന്തിരുവകയല്ലോ?
ഉത്തമ ഗുരവരാ ചിന്മയസ്വരൂപ നിൻ
ചേവടികളിൽ ഞങ്ങൾ താണിതാ വണങ്ങുന്നു.
(ധർമ്മാനന്ദസ്വാമി)

17
## സമർപ്പണം

ഓം നമാമി നാരായണ പാദപങ്കജം
കരോമി നാരായണ പൂജനം സദാ
വദാമി നാരായണ നാമ നിർമ്മലം
സ്മരാമി നാരായണ തത്ത്വമവ്യയം.

ഓം അന്യഥാ ശരണം നാസ്തി
ത്വമേവ ശരണം മമ.
തസ്മാത് കാരുണ്യഭാവേന
രക്ഷ രക്ഷ മഹാഗുരോ (3 പ്രാവശ്യം)

ഓം ത്വമേവ മാതാ ച പിതാത്വമേവ
ത്വമേവ ബന്ധുശ്ച സഖാത്വമേവ
ത്വമേവവിദ്യാ ദ്രവിണം ത്വമേവ!
ത്വമേവ സർവ്വം മമ ദേവദേവ!

ഓം അസതോ മാ സദ്ഗമയ.
തമസോ മാ ജ്യോതിർഗമയ
മൃത്യോർ മാ അമൃതം ഗമയ.

ഓം ലോകാ സമസ്താഃസുഖിനോ ഭവന്തു (3)

ഓം കായേന വാചാ മനസേന്ദ്രിയൈർവ്വാ
ബുദ്ധ്യാത്മനാ വാ പ്രകൃതേ സ്വഭാവാത്
കാരോമി യദ്യത് സകലം പരസ്മൈ
നാരായണായേതി സമർപ്പയാമി.
ഓം ശ്രീനാരായണായേതി സമർപ്പയാമി. സർവ്വം
ശ്രീനാരായണായേതി സമർപ്പയാമി.

ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ
ഓം തത് സത്
ശ്രീ നാരായണ ഗുരുവ്വർപ്പണമസ്തു ഓം.

Sathyadharmmadhisarvagunangalkkothu Nithyam
Vashuvan Jagadheesa Neeparathunaykkane
Mamaka Jeevithamam Kalpadroomahasakthya
Thalirthu Poothuvazhvan Neekaniyanameesa

Eee Njanumenikkulla Sarvavum Bhavanillo?
MayayameelokavumNinthiruvakayallo?
Utthama Guruvaja Chinmayaswaroopa Nin
Chevadikalil Njangal Thanitha Vanangunnu
(Dharmanandaswamy)

17
## MANGALAM

Ohm namami narayana padapankajam
karomi narayana poojanam sadha
vadami narayana nama nirmalam
smarami narayana thathwavyayam.

Ohm Anyadha saranam nasthi
thwameva saranam mama.
thasmath karunnyabavena
raksha rksha mahaguro (3 times)

Ohm thwmeva matha cha pithathwameva
thwameva bandhuscha sakhathwameva
thwameva vidhya dravinam thwameva!
thwameva srvvam mama devadeva!

Ohm Asatho ma Sadgmaya
thama so ma jyothirgamaya
mruthyo ma amruthamgamaya

Ohm lokha samstho sukhino bavanthu (3)

Ohm kayena vacha manasendriyyarvva
budhyathmana va prakruthe swabhavath
karomi yadhyath sakalam parasmy
narayanayethi samarppayami
Ohm sreenarayanayethi samarppayami. sarvvam
sreenaraynayethi samarppayami.

Ohm poornnmadha poornnimidham poornnath
poornnmudhachyathe
poornnasya poornnamadhaya
poornnamevavasishyathe

Ohm Shanthi: Shanthi: Shanthi:
Ohm thath sath
Sree narayana guruvvarppanamasthu Ohm.

## ഹരിനാമ കീർത്തനം

ഹരി: ശ്രീ ഗണപതായേ നമ:
അവിഘ്നമസ്തു

ഓങ്കാരമായ പൊരുൾ മൂന്നായ് പിരിഞ്ഞുടനെ
ആങ്കാരമായതിനു താൻ തന്നെ സാക്ഷിയതു
ബോധം വരുത്തുവതിനാളായിനിന്ന പര
മാചാര്യരൂപ! ഹരിനാരായണായ നമ: 1

ഒന്നായനിന്നെയിഹ രണ്ടെന്നു കളവി-
ലുായൊരുൽബത മിാവതല്ല മമ
പക്കേണക്കെവരുവാൻ നിൻകൃപാവലിക-
ളുാകയെങ്കലിഹ നാരായണായ നമ: 2

ആനന്ദചിന്മയഹരേ ഗോപികാരമണ!
ഞാനെന്നഭാവമതു തോന്നായ്കവേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്നവഴി
തോന്നേണമേ വരദ നാരായണായ നമ: 3

അർക്കനാലാദിവെളിവൊക്കെ ഗ്രഹിക്കുമൊരു
കണ്ണിന്നുകണ്ണുമനമാകുന്ന കണ്ണതിനു
കണ്ണായിരുന്നപൊരുൾ താനെന്നുറയ്ക്കുമള-
വാനന്ദമെന്തു ഹരിനാരായണായ നമ: 4

ഹരിനാമകീർത്തനമിതുരചെയ്‌വതിന്നു ഗുര-
വരുളാലെ ദേവകളുമരുൾ ചെയ്ക ഭൂസുരരും
നരനായ് ജനിച്ചുഭൂവി മരണം ഭവിപ്പളവു-
മുരചെയ്തവതിന്നരുൾക നാരായണായ നമ: 5

ശ്രീമൂലമായ പ്രകൃതീങ്കൽ തുടങ്ങി ജന-
നാന്ത്യത്തോളം പരമഹാമായതന്റെ ഗതി
ജന്മങ്ങളും പലകഴിഞ്ഞാലുമില്ലവധി
കർമ്മത്തിനും പരമനാരായണായ നമ: 6

ഗർഭസ്ഥനായ് ഭുവി ജനിച്ചും മരിച്ചുമുദ-
കപ്പോളപോലെ ജനനാന്ത്യേന നിത്യഗതി
ത്വൽഭക്തി വർദ്ധനമുദിക്കേണമെന്മനസി
നിത്യം തൊഴായ്‌വരിക നാരായണായ നമ: 7

ണത്താരിൽ മാനിനി മണാളൻ പുരാണപുരു-
ഷൻ ഭക്തവത്സല നനന്താദിഹീനനിതി
ചിത്തത്തിലച്യുത! കളിപ്പന്തലിട്ടു വിള-
യാടീടുകെന്മനസി നാരായണായ നമ: 8

പച്ചക്കിളിപ്പവിഴപാൽ വർണ്ണമൊത്തനിറ-
മിച്ഛിപ്പവർക്കുഷഡാധാരം കടന്നുപരി
വിശ്വസ്ഥിതി പ്രളയസൃഷ്ടിക്കു സത്വരജ-
സ്തമോഭേദരൂപ ഹരിനാരായണായ നമ: 9

തത്ത്വത്തിനുള്ളിലുദയം ചെയ്തിരുന്നപൊരു-
ളെത്തീടുവാൻ ഗുരപാദന്തേ ഭജിപ്പവനു
മുക്തിക്കുതക്കൊരുപദേശംതരും ജനന-
മറ്റീടുമെന്നവനു നാരായണായ നമ: 10

എൻപാപമൊക്കെയറിവാൻ ചിത്രഗുപ്തനുടെ
സമ്പൂർണ്ണലിഖ്യതഗിരം കേട്ടു ധർമ്മപതി
എമ്പക്കലുള്ള ദുരിതം പാർത്തുകാണുമള-
വംഭോരുഹാക്ഷ! ഹരിനാരായണായ നമ: 11

നക്ഷത്രപംക്തികളുമിന്ദുപ്രകാശവുമൊ-
ളിക്കും ദിവാകരനുദിച്ചങ്ങുയർന്നളവിൽ
പക്ഷീഗണം ഗുരധനെക്കു കൈതൊഴുതു
രക്ഷിക്കയെന്നടിമ നാരായണായ നമ: 12

മൽപ്രാണനും പരനുമൊന്നെന്നുറപ്പവനു
തൽ പ്രാണദേഹവുമനിത്യം കളത്രധനം
സ്വപ്നാദിയിൽ പലതു കിട്ടുണർന്നവനൊ-
ടൊപ്പം ഗ്രഹിക്ക ഹരിനാരായണായ നമ: 13

അൻപേണമെന്മസി ശ്രീനീലകണ്ഠഗുരു-
വംഭോരുഹാക്ഷമിഹ വാഴ്ത്തുന്നു ഞാനതിനു
അമ്പത്തൊരക്ഷരവുമോരോന്നിതൊന്മൊഴിയി-
ലൻപോടുചേർക്ക ഹരിനാരായണ നമ: 14

ആദ്യക്ഷരത്തിലുളവായയൊന്നിതൊക്കെയു-
മിതാദ്യക്ഷരത്തിലിതടങ്ങുന്നതും കരുതി
ആദ്യാക്ഷരാലിവയിലോരോന്നെടുത്തുപരി-
കീർത്തിപ്പതിന്നരുൾക നാരായണായ നമ: 15

ഇക്ഷ്വിശ്വമതു മിന്ദ്രാദിദേവകളു-
മർക്കേന്ദുവഹ്നികളൊടൊപ്പം ത്രിമൂർത്തികളും
അഗ്രേവിരാട് പുരുഷ! നിന്മൂലമക്ഷരവു-
മോർക്കായ് വരേണമിഹ നാരായണായ നമ: 16

ഈവന്നമോഹമകലെപ്പോവതിന്നു പുന-
രീവണ്ണമുള്ളൊരുപദേശങ്ങളില്ലുലകിൽ
ജീവന്നുകൃഷ്ണഹരിഗോവിന്ദരാമ തിരു-
നാമങ്ങളൊന്നൊഴികെ നാരായണായ നമ: 17

ഉള്ളിൽ കനത്ത മദമാത്സര്യമെന്നിവക-
ളുള്ളോരുകാലമുടനെന്നാകിലും മനസി
ചൊല്ലുന്നതാരു തിരുനാമങ്ങളന്നവനു
നല്ലൂഗതിക്കുവഴി നാരായണായ നമഃ 18

ഊരിന്നുവേ ചില ഭാരങ്ങൾ വേതിന്ന്
നീരിന്നുവേ നിജദാരങ്ങൾ വേതിന്
നാരായണാച്യുതഹരേ! എന്നതിന്നൊരുവർ
നാവൊന്നെവേു ഹരിനാരായണായ നമഃ 19

ഋതുവായ പെണ്ണിനുമിരപ്പന്നുദാഹകനും
പതിതന്നുമഗ്നിയജനം ചെയ്തഭൂസുരനും
ഹരിനാമകീർത്തനമിതൊരുനാളുമാർക്കുമുട-
നരുതാത്തതല്ല ഹരിനാരായമ നമഃ 20

ഋൗദോഷനെന്നു ചിലർ ഭാഷിക്കിലും ചിലർക-
ളിപ്പാവയെന്നു പറയുന്നാകിലും മനസി
ആവോ നമുക്കുതിരിയായെന്നുറച്ചു തിരു-
നാമങ്ങൾ ചൊൽക ഹരിനാരായണായ നമഃ 21

നുസ്മാദിചേർത്തൊരു പൊരുത്തം നിനയ്ക്കിലുമി-
തജിതന്റെ നാമഗുണമതിനിങ്ങു വേ ദൃഢം
ഒരുകോടി കോടിതവ തിരുനാമമുള്ളവയി-
ലരുതാത്തതില്ല ഹരിനാരായണ നമഃ 22

നുകാരമാദിമുതലായിട്ടു ഞാനുമിഹ
കൈകൂപ്പിവീണുടനിരക്കുന്നു നാഥനൊടു
ഏകാന്തഭക്തിയകമേവന്നുദിപ്പതിന്നു
വൈകുന്നതെന്തു ഹരിനാരാണായ നമഃ 23

എണ്ണുന്നനാമജപരാഗാദിപോയിടുവാ-
നെണ്ണുന്നിതാറുപടികേറികടപ്പതിന്നു
കണ്ണും മിഴിച്ചിവനിരിക്കുന്നൊരേ നിലയി-
ലെണ്ണാവതല്ല ഹരിനാരായണായ നമഃ 24

ഏകാന്തയോഗികളിലാകാംക്ഷകൊുപര-
മേകാന്തമെന്നവഴി പോകുന്നിതെന്മനവും
കാകൻ പറന്നു പുനരന്നങ്ങൾ പോയവഴി
പോകുന്നപോലെ ഹരിനാരായാണയ നമഃ 25

ഐയഞ്ചുമഞ്ചുമുടനയ്യാറുമൊട്ടുമുട-
നൗവ്വണ്ണമെട്ടുമുടനെൺമ്മൂന്നുമേഴുമഥ
ചൊവ്വോടൊരുഞ്ചുമപിരൊന്നു തത്ത്വമതിൽ
മേവുന്നനാഥ ജയ നാരായണായ നമഃ 26

ഒന്നിന്നുതത്വമിതുദേഹത്തിനൊത്തവിധം
എത്തുന്നിതാർക്കുമൊരുഭേദം വരാതെഭുവി
മർത്ത്യന്റെ ജന്മനില പാപംവെടിഞ്ഞിടുക-
ലെത്തുന്നുമോക്ഷമതിൽ നാരായണായ നമഃ 27

ഓതുന്നഗീതകളിതെല്ലാമിതെന്ന പൊരു-
ളേതെന്നു കാണ്മതിനു പോരാമനോബലവും
അല്ലെങ്കിലും കിമപി കാരുണ്യമിന്നുതവ
സാധിക്കവേു ഹരിനാരായാണായ നമഃ 28

ഔദുംബരത്തിൽ മശകത്തിന്നു തോന്നുമതിൽ
മീതേകദാപിസുഖമില്ലെന്നു തല്പരിചു
ചേതോവിമോഹിനി മയക്കായ്കമായതവ
ദേഹോഹമെന്നവഴി നാരായണായ നമഃ 29

അംഭോജനസംഭവനുമൻപോടുനീന്തിബത!
വൻമോഹവാഹിരധിയിലെന്നേടമോർകത്തു മമ
വൻപേടി പാരമതു നമ്മോടടായ്‌വതിനു
മുമ്പേ തൊഴാമടികൾ നാരായണായ നമഃ 30

അപ്പാശവും വിടുമായ്ക്കെജാമിളനെ
മുൽപാടുചെന്നുകയറിട്ടോരുകിങ്കരരെ
പിൽപ്പാടുചെന്നഥതടുത്തോരുനാൽവരെയു-
മപ്പോലെനൗമി ഹരിനാരായണായ നമഃ 31

കഷ്ടം! ഭവാനെയൊരു പാണ്ഢ്യൻ ഭജിച്ചളവ-
ഗസ്ത്യേനനീബത! ശപിപ്പിച്ചതെന്തിനതു
നക്രേണകാല്ക്കഥകടിപ്പിച്ചതെന്തിനതു-
മോർക്കാവതല്ല ഹരിനാരായണായ നമഃ 32

ഖട്വാംഗനെന്നധരണീശന്നുകാൺകൊരുമു-
ഹൂർത്തേന നീഗതികൊടുപ്പാനുമെന്തുവിധി?
ഒട്ടല്ലനിൽ കളികളിപ്പോലെ തങ്ങളിൽ വി-
രുദ്ധങ്ങളായവകൾ നാരായണായ നമഃ 33

ഗർവ്വിച്ചുവന്നൊരു ജരാസന്ധനോടുയുധി
ചൊവ്വോടെ നിവ്പതിനു പോരാ നിനക്കുബലം!
അവ്വാരിധൌ ദഹനബാണം തൊടുത്തതുതി-
ളപ്പിപ്പതിന്നു മതി നാരായണായ നമഃ 34

ഘർമ്മാതപം കുളിർ നിലാവെന്നു തമ്പിയൊടു
ചെമ്മേ പറഞ്ഞു നിജപത്നീം പിരിഞ്ഞളവു
തന്നെത്തിരഞ്ഞുമറുകിച്ചാമൃഗാക്ഷികളെ
വൃന്ദാവനത്തിലഥ നാരായണായ നമഃ 35

ങാനം കണക്കെയുടനഞ്ചക്ഷരങ്ങളുടെ
ഊനംവരുത്തിയൊരുനക്തഞ്ചരിക്കുബത!
കൂനോരുദാസിയെ മനോജ്ഞാംഗിയാക്കിയതു-
മൊന്നല്ലെയാളു! ഹരിനാരായണായ നമഃ 36

ചമ്മട്ടിപൂു കടിഞ്ഞാണും മുറിക്കിയുട-
നിന്ദ്രാത്മജന്നുയുധിതേർപുട്ടിനിന്നുബത!
ചെമ്മേ മറഞ്ഞൊരു ശരം കൊു കൊന്നതുമൊ-
രിന്ദ്രാത്മജന്നെ ഹരിനാരായണായ നമഃ 37

ഛന്നത്വമാർന്നകനൽപോലെ നിറഞ്ഞുലകിൽ
മിന്നുന്നനിന്മഹിമയാർക്കും തിരിക്കരുത്
അന്നന്നുക്തിനെ വാഴ്ത്തുന്നുമാമുനിക-
ളെന്നത്ര തോന്നി ഹരിനാരായണായ നമഃ 38

ജന്തുക്കളുള്ളിൽ വിലസീടുന്നു പാർക്കിലിഹ
ബന്ധം വിടാതെ പരിപൂർണ്ണാത്മനാസതതം
തന്തുംമണി പ്രകരഭേദങ്ങൾപോലെ പര-
മെന്തെന്തുജാതമിഹ നാരായണായ നമഃ 39

ഝങ്കാരനാദമിവയോഗീന്ദ്രരുള്ളിലുമി-
തോതുന്നഗീതകളിലും പാൽപയോധിയിലും
ആകാശവീഥിയിലുമൊന്നായ് നിറഞ്ഞരുളു-
മാനന്ദരൂപ! ജയ നാരായണായ നമഃ 40

ഞാനെന്നുമീശ്വരനിതെന്നു വളർന്നളവു
ജ്ഞാനദ്വയങ്ങൾ പലതുായതിന്നുമിഹ!
മോഹം നിമിത്തമതുപോകും പ്രാകാരമപി
ചേതസ്സിലാക മമ നാരായണായ നമഃ 41

ടങ്കംകുരംഗവുമെടുത്തിട്ടു പാതിയുടൽ
ശംഖംരഥാംഗവുമെടുത്തിട്ടു പാതിയുടൽ
ഏകാക്ഷരം തവഹി രൂപം നിഷ്പവനു
പോകുന്നമോഹമതു നാരായണായ നമഃ 42

ഠായങ്ങൾ ഗീതമിവനാദപ്രയോഗമുട-
നേകശ്രുതീകലൊരുമിക്കുന്നപോലെ പര-
മേകാക്ഷരത്തിലിതടങ്ങുന്നു സർവ്വവുമി-
താകാശസൂക്ഷ്മതനു നാരായണായ നമഃ 43

ഡംഭാദിദോഷമുടനെട്ടും കളഞ്ഞു ഹൃദി-
മുമ്പേനിജാസനമുറച്ചേകനാഡിയുടെ
കമ്പം കളഞ്ഞു നിലയാറും കടഷതിനു
തുമ്പങ്ങൾതീർക്ക ഹരിനാരായണായ നമഃ 44

ഢക്കാമൃദംഗതുടിതാളങ്ങൾ കേട്ടനുഭ-
വിക്കാമിതിന്നിലയിലിന്നേടമോർത്തുമമ
പാർക്കുന്നതല്ലമനമാളാനബദ്ധകരി
തീൻകപോലെ ഹരിനാരായണായ നമഃ 45

ണത്വാപരം പരിചു കർമ്മവ്യപായമിഹ
മദ്ധ്യേ ഭവിക്കിലുമതില്ലെങ്കിലും കിമപി
തത്വാദിയില്പരമുദിച്ചോരുബോധമനു-
ചിത്തേവഷേിഹ നാരായണായ നമഃ 46

തത്ത്വാർത്ഥമിത്ഥമഖിലത്തിനു മുബത!
ശബ്ദങ്ങളുള്ളിൽ വിലസീടുന്നതിന്നടിയിൽ
മക്തിക്കുകാരണമിതേശബ്ദമെന്നുതവ
വാക്യങ്ങൾതന്നെ ഹരിനാരായണായ നമഃ 47

ഥല്ലിന്നു മീതെപരമില്ലെന്നുമോർത്തുമുട-
നെല്ലാരൊടും കുതറിവാപേശിയും സപദി
തള്ളിപുറപ്പെടുമഹം ബുദ്ധികൊു ബത
കൊല്ലുന്നു നീ ചിലരെ നാരായണായ നമഃ 48

ദംഭായവന്മരമതിന്നുള്ളിൽ നിന്നു ചില
കൊമ്പും തളിർത്തവധിയില്ലാത്ത കായ്കനിയും
അൻപേറിയത്തരുവിൽ വാഴായ്‌വതിന്നുഗതി
നിൻപാദഭക്തി ഹരിനാരായണായ നമഃ 49

ധന്യോഹമെന്നുമതി മാന്യോഹമെന്നുമതി
പുണ്യങ്ങൾചെയ്ത പുരഷൻ ഞാനിതെന്നുമതി
ഒന്നല്ല കാൺകൊരു കൊടുങ്കാടുദന്തിമയ-
മൊന്നിച്ചുകൂടിയതു നാരായണായ നമഃ 50

നന്നായ് ഗതിക്കൊരുസഹസ്രാരധാരയില-
തന്നീറ്റിൽ നിൻകരുണവന്മാരിപെയ്തുപുനർ
മുന്നംമുളച്ചമുളഭക്തിക്കു വാഴ്ത്തുവതു-
മിന്നേ കൃപാനിലയ നാരായണായ നമഃ 51

പലതും പറഞ്ഞു പകൽകളയുന്നനാവുതവ
തിരുനാമകീർത്തനമിതതിനായ് വരേണമിഹ
കലിയായ കാലമിതിലതുകൊുമോക്ഷഗതി
എളുതെന്നുകേൾപ്പു ഹരിനാരായണായ നമഃ 52

ഫലമില്ലയാതെ മമ വശമാക്കൊലാ ജഗതി
മലപാത്രമായതടി പലനാളിരുത്തിയുടൻ
അളവില്ലയാതെ വെളിവകമേയുദിഷതിനു
കളയായകകാലമിനി നാരായണായ നമഃ 53

ബന്ധുക്കളർത്ഥഗൃഹപുത്രാദിജാലമതിൽ
ബന്ധിച്ചവന്നുലകിൽ നിൻ തത്ത്വമോർക്കിലുമ-
തന്ധനുകാട്ടിയൊരു കണ്ണാടിപോലെ വരു-
മെന്നാക്കിടൊല്ല ഹരിനാരായണായ നമ: 54

ഭക്ഷിപ്പതിന്നു ഗുഹപോലെ പിളർന്നുമുഖ-
മത്യോകൃതാന്തനിഹ പിൻപേ നടന്നു മമ
എത്തുന്നുദർദ്ദുരമുരത്തോടെ പിൻപെയൊരു
സർപ്പംകണക്കെ ഹരിനാരായണായ നമ: 55

മന്നിങ്കൽ വന്നിഹ പിറന്നന്നുതൊട്ടു പുന-
രെന്തോന്നുവാങ്മനസു ദേഹങ്ങൾ ചെയ്തതതു
എന്തിന്നു മേലിലതുമെല്ലാമെനിക്കു ഹൃദി
സന്തോഷമായ്‌വരിക നാരായണായ നമ: 56

യാതൊന്നു കാണ്മതതു നാരായണപ്രതിമ
യാതൊന്നു കേൾപ്പതതു നാരായണശ്രുതികൾ
യാതൊന്നു ചെയ്‌വതതു നാരായണാർച്ചകൾ
യായൊന്നതൊക്കെ ഹരിനാരായണായ നമ: 57

രവികോടിതുല്യമൊരു ചക്രം കരത്തിലിഹ
ഫണിരാജനെപ്പൊഴുമിരിപ്പാൻ കിടപ്പതിനും
അണിയുന്നതൊക്കെ വനമാലാദികൗസ്തുഭവു-
മകമേഭവിപ്പതിന്നു നാരായണായ നമ: 58

ലക്ഷംപ്രകാരമൊടു സൃഷ്ടിപ്പതിന്നുമിഹ
രക്ഷിപ്പതിന്നുമിഹ ശിക്ഷിപ്പതിന്നുമിഹ
വിക്ഷേപമാവരണമീരു ശക്തികളെ-
തിങ്കേന്നുദിച്ചവകൾ നാരായണായ നമ: 59

വദനം നമുക്കു ശിഖിവസനങ്ങൾ സന്ധ്യകളു-
മുദരം നമുക്കു ദധിയുലകേഴുരുമിഹ
ഭുവനം നമുക്കു ശിവനേത്രങ്ങൾ രാത്രി പക-
ലകമേ ഭവിപ്പതിനു നാരായണായ നമ: 60

ശക്തിക്കുതക്കവഴിയിത്ഥം ഭജിപ്പവനു
ത്യക്താത്മദേഹദ്വയവിശ്വാസമോടുബത
ഭക്ത്യാകടന്നുതവതൃക്കാൽ പിടിപ്പതിന-
യയ്ക്കുന്നതെന്നു ഹരിനാരായണായ നമ: 61

ഷഡ്വൈരികൾക്കു വിളയാട്ടത്തിനാക്കരുതു
ചിത്താംബുജം തവഹി സദ്ധ്യാനരംഗമതിൽ
തത്രാപിനിത്യവുമൊരിക്കാലിരുന്നരുൾക
സത്യസ്വരൂപ ! ഹരിനാരായണായ നമ: 62

സത്യം വദാമി മമ ഭൃത്യാദി വർഗ്ഗമതു-
മർത്ഥം കളത്രഗൃഹ പുത്രാദിജാലമതു-
മൊക്കെത്ത്വദർപ്പണമതാക്കീട്ടു ഞാനുമിഹ
തൃക്കാല്ക്കൽവീണു ഹരിനാരായണായ നമ: 63

ഹരനും വിരിഞ്ചനുമിതമരാധിനായകനു-
മറിയുന്നതില്ല തവ മറിമായതന്മഹിമ
അറിവായ്മുതൽക്കരളിലൊരുപോലെ നിന്നരുളും
പരജീവനിൽ തെളിക നാരായണായ നമ: 64

ഉത്ഭവം കലർന്നിതുലകാരത്തിനുപ്പരിചു
തത്ത്വം നിനയ്ക്കിലൊരു ദിവ്യത്വമു‍ു തവ
കത്തുന്ന പൊന്മണിവിളക്കെന്നപോലെ ഹൃദി
നില്ക്കുന്ന നാഥാ! ഹരിനാരായണായ നമ: 65

ക്ഷരിയായൊരക്ഷരമതിങ്കേന്നുദിച്ചതിന്നു
ലിപിയേഴുമക്ഷരമിതെന്നങ്ങുരപ്പു ജനം
അറിയാവതല്ലതവപരമാക്ഷരസ്വപൊരുൾ
അറിയായുമായ് വരികനാരായണായ നമ: 66

കരുണാപയോധി മമ ഗുരനാഥനിസ്തുതിയെ
വിരവോടു പാർത്തു പിഴവഴി പോലെ തീർത്തരുൾക
ദുരിതാബ്ധിതൻ നടുവിൽ മറയുന്നവർക്കു പര-
മൊരു പോതമായ് വരിക നാരായണായ നമ: 67

മദമത്സരാദികൾ മനസ്സിൽ തൊടാതെ ദിന-
മിതുകൊുവാഴ്ത്തുക നമുക്കും ഗതിക്കു വഴി
ഇതുകേൾക്കതാനിതൊരുമൊഴിതാൻ പഠിപ്പവനും
പതിയാഭവാംബുധിയിൽ നാരായണായ നമ: 68

(ശുഭമസ്തു)
ഹരി: ഓം തത് സത്



**ശ്രീനാരായണ അസോസിയേഷൻ**
**ഓഫ് നോർത്ത് അമേരിക്ക INC**

ന്യൂയോർക്ക്, യു.എസ്.എ.